പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ഡിസംബർ 2024



# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600



**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2024 ഡിസംബർ**

**പുഷ്പം 45 / ദളം 9**

**1200 വൃശ്ചികം-ധനു**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


> "അകലെ വസിയ്ക്കുമ്പോഴും
> അകമലരിൽ കരുതേണം
> അമ്പലമണിതൻ നാദം
> 'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


**പത്രാധിപക്കുറിപ്പ്**....................................4

**പ്രതിഫലനം – അർത്ഥമില്ലായ്മകൾ**..................5
എ.പി. സരസ്വതി

**നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ – ഇന്ത്യൻ വ്യോമയാനമേഖലയിലെ പ്രശസ്തനായ പിഷാരോടി പക്ഷിശാസ്ത്രജ്ഞൻ**.....................6
മുരളി വട്ടേനാട്ട്

Influence of corruption in burocracy and in Society ..................10
ആർ. ഗോവിന്ദ് ഹരികൃഷ്ണൻ

**പൈതൃകപ്പഴമ – മതുപ്പുള്ളി പിഷാരടിമാർ**...........13
എൻ.പി. സൂര്യൻ

**കവിത – കാതര മൊഴി**..............................15
കെ.പി. ഹരികൃഷ്ണൻ

**സംയുക്ത നിർവ്വാഹകസമിതി യോഗറിപ്പോർട്ട്**.........16

**തുളസീദളം കലാ സാംസ്കാരികസമിതി യോഗം**.......17
ഗോപൻ പഴുവിൽ

**ഭക്തി – മുരളീധര ദർശനം**.........................19
മധുസൂദനൻ, കല്യാൺ വെസ്റ്റ്

**ലേഖനം – ഭ്രാന്ത പാഠങ്ങളുടെ ഉയരത്തിലേക്ക് തനിയെ മനക്കല്ലുരുട്ടി**...............................25
വേണു വീട്ടിക്കുന്ന്

**അവലോകനം – ഗുരുവായൂരിലെ ആസ്വാദനമധുരം**..29
സ്വാതി ജിതിൻ നമ്പൂതിരി, ഗുരുവായൂർ

**യാത്ര – രജ്പുത്താന**.............................30
മുരളി ആനായത്ത്

**വൈവാഹികം**.......................................35

**കുട്ടിക്കഥ – ഉണ്ണിയും മുത്തശ്ശിയും**.................36
ഡോ. സുജയ

**ശാഖാവാർത്തകൾ**.................................37

**ആദരാഞ്ജലികൾ**.................................42

# ഒരു കൊല്ലം കൂടി വിടവാങ്ങവേ...

**ഡി**സംബർ 31 അർദ്ധരാത്രിയോടെ ഈ വർഷം കൂടി വിട പറയുകയാണ്. ഇനിയൊരിക്കലും തിരിച്ചു വരാത്ത വിധം 2024 പിൻവാങ്ങുന്നതോടൊപ്പം നമ്മുടെ ആയുസ്സിന്റെ മൂല്യമേറിയ 365 ദിവസങ്ങളും കൂടെ പോവുന്നു. കാല രഥത്തിന്റെ മുന്നോട്ട് മാത്രമുള്ള ഉരുൾവേഗവീഥിയിലെ മാഞ്ഞു പോകുന്ന നാഴികക്കല്ലുകളാകുന്നു ഓരോ സൂര്യോദയാസ്തമനങ്ങളും. ഒരു അസ്തമനത്തിൽ അവസാനിക്കും എന്നറിയാമെങ്കിലും ഉദയങ്ങൾ എപ്പോഴും പ്രതീക്ഷകളാണ്. ശുഭാപ്തി വിശ്വാസികൾക്ക് അസ്തമയങ്ങളും പ്രതീക്ഷകൾ തന്നെ. നാളെ രാവിലെ ഉദിക്കാൻ ഒരു സൂര്യൻ ജനിക്കുന്നുണ്ട് എന്ന പ്രതീക്ഷ. നമുക്കും ശുഭ ചിന്തകൾ മതി. ഓരോ വർഷപ്പൂക്കളും കൊഴിയുന്നത് മനോഹരങ്ങളായ ധാരാളം മൊട്ടുകൾ ബാക്കി വിരിയാൻ ഒരുക്കിയിട്ടാണ് എന്ന ചിന്ത. തീർച്ചയായും 2024 വ്യക്തിപരമായും സാമൂഹ്യപരമായും നമുക്കും നഷ്ടങ്ങൾ തന്നിട്ടുണ്ട്. പലരുടെയും പ്രിയപ്പെട്ടവർ ഈ ലോകത്ത് നിന്നേ യാത്ര പറഞ്ഞു പോയി. പ്രകൃതി ദുരന്തങ്ങൾ ഇപ്രവാശ്യവും നാശം വിതച്ചു കൊയ്തു. അതോടൊപ്പം സ്വാഭാവികമായും ലാഭങ്ങളും ഉണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ പതിവ് പോലെ സന്തോഷ സന്താപ സമ്മിശ്രം.

പിഷാരോടി സമുദായത്തിലും പ്രിയ ജനങ്ങളുടെ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പുതിയ ബന്ധങ്ങളിലൂടെ പലർക്കും മറ്റൊരു തരത്തിൽ ആ നഷ്ടത്തിന് ആശ്വാസം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സമാജത്തെ സംബന്ധിച്ച് പറയുമ്പോൾ നമുക്കിത് പുത്തൻ ചരിത്ര നിർമ്മിതിയുടെ വർഷമായിരുന്നു. തുളസീദളത്തിന്റെ ആദ്യത്തെ സാഹിത്യ പുരസ്ക്കാര സമർപ്പണവും ജീവിച്ചിരിക്കുന്ന സാഹിതീ ഗുരുക്കന്മാരിൽ ഏറ്റവും മുൻ പന്തിയിൽ തന്നെയുള്ള ശ്രീ. സി. രാധാകൃഷ്ണന് തന്നെ അത് സമർപ്പിക്കാൻ കഴിഞ്ഞു എന്നതും ഇനി നിത്യസ്മരണയായി നിലനിൽക്കും. തൃശൂരിന്റെ കലാ, സാഹിത്യ സാംസ്ക്കാരിക രംഗത്ത് സജീവമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രമുഖനായ വ്യക്തി പറഞ്ഞത് ഇങ്ങനെയാണ്. 'സവർണ്ണ സമുദായ സംഘടനകളിൽ ഇങ്ങനെയൊരു പുരസ്ക്കാര ദാന ചിന്ത ഉണ്ടായത് നിങ്ങൾ പിഷാരടിമാർക്ക് മാത്രമാണ്. അതുകൊണ്ട് തന്നെ നിങ്ങൾക്ക് തല ഉയർത്തി അഭിമാനിക്കാം'. പറഞ്ഞ ഇദ്ദേഹം ഒരു ദളിതനാണ്. പത്രത്തിൽ നിന്നും വിവരമറിഞ്ഞ് പങ്കെടുക്കാൻ എത്തിയതാണ് അദ്ദേഹം. അദ്ദേഹം തന്ന സന്തോഷത്തിനും അഭിമാനത്തിനും അളവില്ല. അതിനോട് ചേർന്ന് തന്നെ തുളസീദളത്തിൽ എഴുതുന്നവരിൽ നിന്നും മികച്ച രചയിതാവിനും പുതിയ തലമുറയിലെ രചനാപരമായ സർഗ്ഗശേഷി പ്രകടിപ്പിക്കുന്ന മിടുക്കനും പുരസ്ക്കാരങ്ങൾ നൽകാൻ സാധിച്ചു. കരുതിയതിലധികം മാധ്യമ ശ്രദ്ധയും ഇതിലൂടെ നമുക്ക് ലഭിച്ചു. തുളസീദളത്തിന്റെ നെറ്റിയിൽ ചാർത്തിയ ചന്ദനക്കുറിയാണ് ഈ പുരസ്കാരങ്ങൾ എന്ന് നിസ്സംശയം പറയാം. എല്ലാ വർഷവും ഇത് തുടർന്ന് പോകാൻ നമുക്ക് കഴിയട്ടെ.

നമ്മുടെ നീണ്ട കാലത്തെ സ്വപ്നമായിരുന്നു കേരള സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെ ഒരു കലാ സാംസ്ക്കാരിക സമിതി രൂപീകരിക്കുക എന്നത്.

കലാപരമായി മികച്ച കഴിവുകളുള്ള ധാരാളം പ്രതിഭകൾ നമുക്കുണ്ട്. അവരിൽ പ്രശസ്തരും അപ്രശസ്തരും നവ മുകുളങ്ങളും ഉണ്ട്. ഇതിനകം വിവിധ പ്രോഗ്രാമുകളിലായി അവരിലൂടെ ധാരാളം ശ്രദ്ധേയങ്ങായ അരങ്ങുകളും ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അവരെയും അതോടൊപ്പം ജാതിമത ഭേദമന്യേ കഴിവുറ്റ മറ്റു കലാകാരന്മാരെയും കൂടി സമന്വയിപ്പിക്കുക, പുതിയ യുവ പ്രതിഭകളെ കണ്ടെത്തുക, വേദികൾ നൽകി പ്രോത്സാഹിപ്പിക്കുക, കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരത്തോടെ അർഹിക്കുന്ന ആദരങ്ങൾ നൽകുക തുടങ്ങിയ വലിയ ലക്ഷ്യങ്ങളോടെ ആരംഭിച്ചിട്ടുള്ള തുളസീദളം കലാ സാംസ്ക്കാരിക സമിതിക്ക് കേരള സംഗീത നാടക അക്കാദമിയുടെ അം

പ്രതിഫലനം

# അർത്ഥമില്ലായ്മകൾ



**എ.പി. സരസ്വതി**

**അ**മ്പിളിയമ്മാവനെ കാണിച്ചുകൊടുത്തപ്പോൾ പണ്ടൊരു കുട്ടി തൊട്ടുനോക്കണമെന്ന് വാശി പിടിച്ചുവത്രെ. വെള്ളത്തിലെ പ്രതിബിംബത്തിൽ പതുക്കെ തൊടുവിച്ച് ആ വാശി മാറ്റി. അപ്പോൾ വാശിയുടെ ഗതിമാറി അതിനെ ഒരു ചെപ്പിലാക്കണമെന്നായി. അമ്മ കുഴങ്ങി. അങ്ങനെയാണ് ചിലപ്പോഴൊക്കെ കുട്ടികളുടെ സ്വഭാവം. പലപ്പോഴും നമ്മൾ അതൊരു കുട്ടിയാണെന്ന കാര്യം പോലും മറന്നു പെരുമാറുകയും ചെയ്യും. പക്ഷെ പണ്ടുള്ളവർ പറയുന്നതൊന്നു കേട്ടുനോക്കൂ...

'രാജവത് പഞ്ചവർഷാണി
ദശവർഷാണി ദാസവത്
പ്രാപ്തേ ഷോഡശവർഷേതു
പുത്രം മിത്രവദാചരേത്'

അഞ്ചുവയസ്സുവരെ രാജാവിനെപ്പോലെ കരുതണം. "തിരുവായ്ക്കെതിർവായില്ല" എന്നാണല്ലൊ രാജവചനത്തെക്കുറിച്ചുള്ള ചൊല്ല്. കുട്ടികൾ പറയുന്നതെന്തും അംഗീകരിക്കണം. അറിഞ്ഞുകൊണ്ടു പറയുന്നതല്ലല്ലോ. പറ്റാത്തതാണെങ്കിൽ ശ്രദ്ധമാറ്റി അനുനയിപ്പിക്കണം. അല്ലാതെ ശകാരിച്ചിട്ടോ അടിച്ചിട്ടോ കാര്യമില്ല. ഇന്നിപ്പോൾ 'പ്ലേ സ്ക്കൂൾ' എന്ന പേരിലാണെങ്കിലും മൂന്നുവയസ്സിലോ അതിനു മുൻപുതന്നെയോ അവരെ പഠിപ്പിക്കാൻ വിടുന്നു. കളി മാത്രമാണെങ്കിൽ വലിയ കുഴപ്പമില്ല. മുറികളിൽ അടച്ചിട്ട് പഠിപ്പിക്കുന്നതിനോട് മതിപ്പു പോരാ പഴമക്കാർക്ക്.

അഞ്ച് വയസ്സുകഴിഞ്ഞാൽ പിന്നെ പത്തുവർഷം ദാസനെപ്പോലെ കരുതണം എന്നാണ് പറയുന്നത്. മൂത്തവർ പറയുന്നതനുസരിച്ച് പ്രവർത്തിക്കുകയും പെരുമാറുകയും വേണം. സ്വയം ജീവിക്കാനാവശ്യമായ പല കാര്യങ്ങളും ചെറുതായി പരിശീലിപ്പിക്കണം. ഒരു കുടുംബത്തിലെ പ്രവൃത്തികളെന്തെന്നവരറിയണം. അന്യോന്യം പെരുമാറേണ്ടതെങ്ങനെയെന്നറിയണം. "പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഞാനുണ്ണും" എന്ന മട്ടായാൽ നന്നല്ലെന്നർത്ഥം. പഠിപ്പെന്ന ഒരു കാര്യം പറഞ്ഞ് മറ്റെല്ലാ കാര്യങ്ങളിൽ നിന്നും അവരെ ഒഴിവാക്കുന്ന രീതിയാണിപ്പോൾ കണ്ടുവരുന്നത്. ഓർഡർ ചെയ്താൽ നിമിഷങ്ങൾ കൊണ്ട് എന്തും കൈവശമാവുന്ന ഇക്കാലത്ത് ഇപ്പറയുന്നതൊക്കെ വിഡ്ഢിത്തമാവാം.

പതിനാറുവയസ്സായാൽ മക്കളെ സുഹൃത്തായി അംഗീകരിക്കണം. നമുക്കെന്തും (കുടുംബപ്രശ്നങ്ങൾ പോലും) പങ്കിടാൻ അർഹതയുള്ള ഉത്തമസുഹൃത്തുക്കൾ! അതിനും നമുക്കാവുന്നില്ല. ദിനചര്യകളിൽ നാൾതോറും വലിയ വലിയ മാറ്റം വന്നുകൊണ്ടിരിക്കുന്നു. ഒന്നിനും ഒരു സമയക്രമമില്ല. കുളി, ഭക്ഷണം, ഉറക്കം എന്നിവയൊക്കെ അവരവർക്കു തോന്നിയപോലെയായി. തമ്മിൽ കണ്ടാലായി, മിണ്ടിയാലായി എന്ന ഒരു രീതി. അങ്ങനെ നോക്കുമ്പോൾ ഈ ശ്ലോകത്തിനും അർത്ഥമില്ലാതായിരിക്കുന്നു, അല്ലേ?

---

ഗീകാരം ഈയിടെ ലഭിച്ചു. ഇനി അതിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കേണ്ടതുണ്ട്. ഈ സംരംഭവും 2024 നമുക്ക് സമ്മാനിച്ച മറ്റൊരു വലിയ നേട്ടം.

ഓരോ വർഷവും കടന്നു പോകുന്നത് പുതിയ അനുഭവങ്ങളും പാഠങ്ങളും നൽകിക്കൊണ്ടാണ്. 2024 ഉം അതിൽനിന്നു വ്യത്യസ്തമല്ല. അവയെ ഉൾക്കൊണ്ടു കൊണ്ട് മുന്നോട്ട് പോവുക എന്നതാണ് പ്രകൃതി നിയമം. ഈ വർഷാന്ത്യ മാസവും എല്ലാവർക്കും നല്ലത് വരുത്തട്ടേ എന്നാശംസിക്കുന്നു. 24 ന്റെ നന്മകൾ 25 ന്റെ ഊർജ്ജമാകട്ടെ.

**പത്രാധിപ സമിതി**

# നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ

# ഇന്ത്യൻ വ്യോമയാന മേഖലയിലെ പ്രശസ്തനായ പിഷാരോടി പക്ഷിശാസ്ത്രജ്ഞൻ



മുരളി വട്ടേനാട്ട്
ഫോൺ: 9004359099

മനുഷ്യൻ പ്രകൃതിയിലെ മറ്റുള്ളവരുടെ ആവാസ മേഖലകളിലേക്ക് കടന്നു കയറാൻ തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല.

ഗഗനചാരികളായ പറവകളെ തോൽപ്പിച്ചു കൊണ്ട് മനുഷ്യനിർമ്മിതമായ പറവകൾ (വിമാനങ്ങൾ) അവയുടെ സൈ്വര്യ വിഹാര മേഖലയിലേക്ക് പറന്നു പൊങ്ങിയത് മുതൽ തുടങ്ങിയതാണ് പക്ഷികളും വിമാനങ്ങളും തമ്മിലുള്ള സൈ്വര്യക്കേട്. ആകാരം കൊണ്ടും വേഗത കൊണ്ടും ഏറെ മുന്നിലായ യന്ത്രപ്പറവകൾ ഭൂമിയിൽ നിന്നും ഉയർന്നു പൊങ്ങുമ്പോഴും വീണ്ടും താഴേക്കിറങ്ങുമ്പോഴും പലപ്പോഴും ഇവ ചെറുപക്ഷികളെ നിഷ്കരുണം ഉപദ്രവിക്കാറുണ്ടെന്നതാണ് യാഥാർഥ്യം.



ഡോ. ശുകപുരത്ത് മഠത്തിൽ സതീശൻ

പറവകളും യന്ത്രപ്പറവകളും തമ്മിലുള്ള ഈ അസ്വാരസ്യം പഠന വിഷയമാക്കിയ ഒരാളെയാണ് ഇന്ന് ഇവിടെ പരിചയപ്പെടുത്തുന്നത്.

ഇന്ത്യൻ എയറോഡ്രോമുകളിൽ (സിവിൽ, മിലിട്ടറി) 45 വർഷത്തെ പരിചയമുള്ള പക്ഷി-എയർക്രാഫ്റ്റ് സ്ട്രൈക്ക് പ്രിവൻഷനിൽ വിദഗ്ദ്ധ കൺസൾട്ടന്റാണ് ഡോ. ശുകപുരത്ത് മഠത്തിൽ സതീശൻ. 1992 ൽ ജറുസലേമിൽ നടന്ന BSCE, IBSC, and BS കോൺഫറൻസ്, യുഎസ്എ (1992, 1993), യുഎഇ (2011 & 2012), കെനിയ (2015), മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ കോൺഫറൻസുകൾ, ഫ്രാൻസ് (1999), സ്പെയിൻ (2000 മാർച്ച്, മെയ് മാസങ്ങളിൽ രണ്ട് തവണ), ദക്ഷിണാഫ്രിക്ക (1998) എന്നിവിടങ്ങളിലെ World Vulture Conservation Conferences in France എന്നിവയിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. 1980 മുതൽ പ്രശസ്ത പക്ഷി നിരീക്ഷകനായിരുന്ന സലിം അലിയുടെ കീഴിലും 1992 ന് ശേഷം സ്വതന്ത്രമായും BASHനായി 33 ഇന്ത്യൻ വിമാനത്താവളങ്ങളിൽ അദ്ദേഹം സർവേ നടത്തി. 2006 ൽ GMR എയർപോർട്ട് ഗ്രൂപ്പ് ദില്ലി അന്താരാഷ്ട്ര വിമാനത്താവളത്തിൽ BASH/ Wildlife Hazard Managementൽ സ്പെഷ്യലിസ്റ്റായി നിയമിതനായ ആദ്യത്തെ പക്ഷിശാസ്ത്രജ്ഞനായിരുന്നു (Ornithologist) ശ്രീ. സതീശൻ. ഫ്രീലാൻസിംഗ് കൺസൾട്ടന്റായി തുടരുന്നതിനായി 2009 ൽ ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് വിരമിച്ചു. academia.edu പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ, ലേഖനങ്ങൾ എന്നിവ വൈമാനികരും ഗവേഷകരും വായിക്കുകയും തുടർപഠനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. കൂടാതെ അദ്ദേഹത്തിന്റെ സ്ഥാപനത്തിനാണ് നവി മുംബൈയിൽ വരുന്ന പുതിയ വിമാനത്താവളത്തിന്റെ പ്രസ്തുത മേഖലയിലെ പ്രോജക്ട് ലഭിച്ചിരിക്കുന്നത്.

ശുകപുരം മഠത്തിൽ പാറുക്കുട്ടി പിഷാരസ്യാരുടെയും ആറ്റൂർ ഭരത പിഷാരോടിയുടെയും മകനാണ് ഡോ. സതീശൻ. ഭാര്യ മഞ്ജുള, ഉള്ളന്നൂർ കമലാവതി പിഷാരസ്യാരുടെയും ഇരുമ്പിളിയം മഞ്ജീരി പിഷാരത്ത് കരുണാകരന്റെയും മകൾ.

ഡോ.ശുകപുരത്ത് മഠത്തിൽ സതീശൻ DISHA 2015ൽ BASH എന്ന പ്രതിഭാസത്തെക്കുറിച്ച് പ്രസിദ്ധീകരിച്ച ലേഖനത്തെ ആസ്പദമാക്കി എന്താണ് BASH? എന്നും അദ്ദേഹത്തിന്റെ പഠന മേഖലയെക്കുറിച്ചും വ്യക്തമാക്കുകയാണ് ഈ ലേഖനത്തിലൂടെ.

## എന്താണ് BASH?

BASH അഥവാ, ബേർഡ്/അനിമൽ എയർക്രാഫ്റ്റ് സ്ട്രൈക്ക് ഹസാർഡ് എന്നത് പൈലറ്റുമാർ, വിമാനക്കമ്പനികൾ, എയർപോർട്ട് ഓപ്പറേറ്റർമാർ, എയർ ട്രാഫിക് കൺട്രോൾ മാനേജ്മെന്റ്, നാഷ



ണൽ ഏവിയേഷൻ റെഗുലേറ്റർമാർ, ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ, സിവിക് അതോറിറ്റികൾ, വൈമാനികർ എന്നിവർക്കെല്ലാം പേടിസ്വപ്നമാണ്.

പറവകൾ, മൃഗങ്ങൾ തുടങ്ങിയവ വിമാനത്തിന്റെ ഫ്ളൈറ്റ് പാതയിൽ കടന്നുകയറുകയോ, വിമാനത്തിന്റെ സുരക്ഷയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുകയോ അല്ലെങ്കിൽ വിമാനവുമായി കൂട്ടിയിടിക്കുകയോ ചെയ്യുന്ന പ്രതിഭാസമാണ് 'ബാഷ്'. ഇത് ഇനിപ്പറയുന്ന ഒന്നോ അതിലധികമോ പ്രത്യാഘാതങ്ങളിലേക്ക് നയിക്കുന്നു: എയർക്രാഫ്റ്റ് നിലത്തിറങ്ങാനാവാതെയുള്ള വട്ടമിട്ട് പറക്കൽ, റൺവേ പ്രവർത്തനം - ടേക്ക് ഓഫ് തടസ്സപ്പെടുത്തൽ, അതുമൂലം ടയറുകൾ പഞ്ചറാവൽ, വിമാനത്തിന്റെ അടിയന്തര/മുൻകരുതൽ ലാൻഡിംഗ്, എഞ്ചിനിൽ പക്ഷി കുടുങ്ങിയുള്ള കേടുപാടുകൾ തുടങ്ങി വിമാനം നിലത്തിറക്കുന്നതിനും ഫ്ളൈറ്റ് പുനക്രമീകരിക്കുന്നതിനും ഇടയാക്കുന്ന അനേകം പ്രത്യാഘാതങ്ങൾ എന്നിവക്ക് പുറമെ യാത്രക്കാരുടെ പരിക്ക്, ആശുപത്രിയിൽ പ്രവേശിപ്പിക്കൽ, ഭക്ഷണത്തിനും താമസത്തിനുമുള്ള ക്രമീകരണം, വിലയേറിയ വസ്തുവഹകളും വിലയേറിയ ജീവനുകളും നഷ്ടപ്പെടൽ, ഗുരുതരമായ കേസുകളിൽ വിമാനാപകടം, വിമാനം എഴുതിത്തള്ളൽ, സാമ്പത്തിക നഷ്ടം, ചെലവേറിയ നാശനഷ്ട നിയന്ത്രണ സംവിധാനമൊരുക്കൽ വിമാനക്കമ്പനിക്കും എയർപോർട്ട് ഓപ്പറേറ്റർക്കും പ്രതിച്ഛായ നഷ്ടം എന്നിവക്ക് പുറമെ യാത്രക്കാർക്ക് വലിയ തോതിലുള്ള സമ്മർദ്ദവും സൃഷ്ടിക്കുന്നു.

## പക്ഷികളുടെ കൂട്ടിയിടി മൂലമുണ്ടാകുന്ന പഴയതും പുതിയതുമായ ചില വിമാന അപകടങ്ങൾ.

രേഖപ്പെടുത്തപ്പെട്ട ഇത്തരം ആദ്യത്തെ അപകടം 1912ൽ കാൾ റോജർസിന്റെ എയർ ക്രാഫ്റ്റ് കേബിളുകളിൽ ഒരു കടൽക്കാക്ക കുടുങ്ങിയതും തുടർന്ന് ആ ചെറുവിമാനം കാലിഫോർണിയയിലെ ലോങ്ങ് ബീച്ചിൽ തകർന്നു വീണതും അദ്ദേഹം മരണപ്പെട്ടതുമാണ്.

ഇത്തരത്തിലുള്ള ഏറ്റവും വലിയ അപകടം 1960 ഒക്ടോബർ 4 ന് ബോസ്റ്റണിൽ നിന്ന് പറന്നുയർന്ന ലോക്ക്ഹീഡ് എൽ-188 ഇലക്ട്ര എന്ന ഈസ്റ്റേൺ എയർ ലൈൻസ് വിമാനം ബോസ്റ്റൺ ഹാർബറിലേക്ക് പറന്നുയർന്നതിന് തൊട്ടുപിന്നാലെ ഒരു കൂട്ടം സ്റ്റാർലിങ് പക്ഷികളുമായി കൂട്ടിയിടിച്ച് തകർന്നുവീണ് 62 പേർ മരിച്ചതാണ്.

2005 ജൂലൈ 26 ന് സ്പേസ് ഷട്ടിൽ ഡിസ്കവറി STS-114 ടേക്ക് ഓഫ് ചെയ്യുന്നതിനിടെ ഒരു കഴുകനെ ഇടിച്ചുവെങ്കിലും കാര്യമായ നാശനഷ്ടങ്ങളൊന്നും സംഭവിച്ചില്ല. 2004 ഡിസംബർ 2 ന് മിയയിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട KM100 വിമാനം സ്റ്റാർലിങ് പക്ഷികളുടെ ഒരു വലിയ കൂട്ടത്തെ ഇടിച്ചതിനെ തുടർന്ന് മാൾട്ട ഇന്റർനാഷണൽ എയർപോർട്ടിനോട് എയർ മാൾട്ടയ്ക്ക് നഷ്ടപരിഹാരമായി 250,526 യൂറോ നൽകാൻ ഉത്തരവിട്ടു.

2008 മെയ് 25 ന് യൂറോപ്യൻ വിറയൻ പുള്ള് (Kestrel) ഒരു B-747F വിമാനത്തിൽ ഇടിക്കുകയും വിമാനം ബ്രസ്സൽസിലെ റൺവേയിൽ നിന്ന് തെന്നിമാറുകയും ചെയ്തു. 2009 ജനുവരി 15 ന് US Air 1549 വിമാനം ഒരു കൂട്ടം കാനഡ വാത്തകൾ എൻജിനിലിൽ ചതഞ്ഞരഞ്ഞത് മൂലം ഹഡ്സൺ ബേ ജാവേദിൽ ഉപേക്ഷിച്ചതിനാൽ യാത്രക്കാരും വൈമാനികരും രക്ഷപ്പെട്ടു. 2012 ജൂണിൽ 153 പേരുടെ മരണത്തിനിടയാക്കിയ ഡാന എയർ വിമാനത്തിന്റെ പൈലറ്റ്, താഴേക്ക് പോകുന്നതിന് തൊട്ടുമുമ്പ് ഇരട്ട എഞ്ചിൻ തകരാർ റിപ്പോർട്ട് ചെയ്യാൻ കൺട്രോൾ ടവറിനെ വിളിച്ചിരുന്നു. 2012 സെപ്റ്റംബർ 28 ന് നേപ്പാളിലെ കാഠ്മണ്ഡുവിൽ എവറസ്റ്റിലേക്ക് വിനോദ സഞ്ചാരികളുമായി പോയ വിമാനം (സീത എയർ D228, Regn: 9 N-AHA & Flight 601) തകർന്നു വീണ് 19 പേർ മരിച്ചത് ചക്കിപ്പരുന്ത് (black kite) മായി കൂട്ടിയിടിച്ചാണ്. ബ്രിട്ടനിലെ വിമാനത്താവളങ്ങളിൽ 2011–'12 ൽ 2,200 പക്ഷികൾ മൂലമുള്ള അപകടങ്ങൾ ഉണ്ടായതായതായാണ് 2013 ഓഗസ്റ്റ് 21ലെ ഡേവിഡ് മിൽവാർഡ് റിപ്പോർട്ട്ചെയ്യുന്നത്. ഇത് 2007 ലെ ഇത്തരം അപകടങ്ങളുടെ ഇരട്ടിയോളമാണ്.

## പക്ഷികളുമായുള്ള കൂട്ടിയിടിയുടെ ആഘാതം

ഇംപാക്റ്റ് ഫോഴ്സിനെ $f = 1/2\ mv^2$ ആയി പ്രകടിപ്പിക്കുന്നു, അവിടെ 'm' എന്നത് പക്ഷിയുടെ അല്ലെങ്കിൽ മൃഗത്തിന്റെ പിണ്ഡവും (mass) 'v'




മാണെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ ഇത് 56 മാരകമായ അപകടങ്ങൾക്കും 458 മരണങ്ങൾക്കും 110 വിമാനങ്ങൾ നശിപ്പിക്കുന്നതിനും കാരണമായി. യുഎസ് വ്യോമസേനയുടെ ടി–38 ട്രെയിനറെ (കാലിഫോർണിയ) പക്ഷികളുടെ കൂട്ടിയിടി വലിയ തോതിൽ ബാധിച്ചിട്ടുണ്ടെന്ന് മാർക്ക് തോംസൺ പറയുന്നു. 1973 മുതൽ 39 വിമാനങ്ങൾ നശിപ്പിക്കുകയും 33 വ്യോമസേനാംഗങ്ങൾ കൊല്ലപ്പെടുകയും ചെയ്തതയാണ് കണക്ക്. ഇത്തരം ആഘാതങ്ങൾ മൂലമുള്ള പരോക്ഷ സാമ്പത്തിക നഷ്ടം, വിമാന കാലതാമസം, റദ്ദാക്കൽ, സേവന നഷ്ടം, വഴിതിരിച്ചുവിടൽ, വിമാനം മാറ്റിസ്ഥാപിക്കൽ, ആസൂത്രണം ചെയ്യാത്ത ഹാംഗറേജ് എന്നിവയിലൂടെ നേരിട്ടുള്ള ചെലവിനേക്കാൾ പത്തിരട്ടിയാണെന്നും കണക്കാക്കപ്പെടുന്നു.

വിമാനത്തിന്റെ വേഗതയുമാണ്. 10 പൗണ്ട് ഭാരമുള്ള കാനഡ ഗൂസ് (വാത്ത) 250 നോട്ടിക്കൽ മൈൽ വേഗതയിൽ വിമാനത്തിൽ അടിക്കുന്നത് 72,600 പൗണ്ട് ആഘാത ശക്തി സൃഷ്ടിക്കുന്നു. അതേ ഗൂസ് 300 നോട്ട് വേഗതയിൽ അതേ വിമാനത്തിൽ ഇടിക്കുകയാണെങ്കിൽ, ആഘാത ശക്തി 104,500 പൗണ്ട് ആയിരിക്കും. മണിക്കൂറിൽ 650 കിലോമീറ്റർ വേഗത്തിൽ പറക്കുന്ന വിമാനത്തിൽ രണ്ട് കിലോഗ്രാം ഭാരമുള്ള ഒരു പക്ഷി ഇടിച്ചാൽ 32,600 ജൂൾ ഗതികോർജ്ജം ഉത്പാദിപ്പിക്കും. വിമാന വേഗത ഇരട്ടിയാക്കുകയാണെങ്കിൽ, പൗണ്ടുകളിലെ ആഘാത ശക്തി അല്ലെങ്കിൽ ജൂളുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം നാലിരട്ടിയായി വർദ്ധിക്കുന്നു. ഒരു ചെറിയ പക്ഷിക്ക് ഒരു ബുള്ളറ്റ് പോലെ ഒരു വിമാനത്തെ ഇടിക്കാൻ കഴിയും, ഒരു ഇടത്തരം പക്ഷി പീരങ്കിയുണ്ട പോലെയും വലിയത് മൂന്ന് ടൺ വാഹനം പോലെയും. ആദ്യ ഘട്ടത്തിൽ തന്നെ വിമാന എഞ്ചിൻ കംപ്രസറിന്റെ ടൈറ്റാനിയം ഫാൻ ബ്ലേഡുകൾ മുറിക്കാൻ തക്ക ശക്തമാണിത്, ഇത് എഞ്ചിന്റെ പ്രധാന ഭാഗങ്ങൾ ഉൾപ്പെടെ എല്ലാ ഘടകങ്ങളെയും നശിപ്പിക്കും.

## വ്യോമയാന വ്യവസായത്തിന് സംഭവിക്കുന്ന നഷ്ടം

1980 നും 1996 നും ഇടയിൽ ഇന്ത്യൻ വ്യോമയാനവ്യവസായത്തിന് പ്രതിവർഷം ഏകദേശം 300 കോടി രൂപയുടെ (70 ദശലക്ഷം യുഎസ് ഡോളർ) സാമ്പത്തിക നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ഇന്ത്യൻ വ്യോമസേനയ്ക്ക് ഓരോ വർഷവും ഒരു വിമാനം (പ്രധാനമായും മിഗ് 21) നഷ്ടപ്പെടുന്നതയാണ് കണക്ക്. 1912 നും 2014 നും ഇടയിൽ, ആഗോളതലത്തിൽ സിവിൽ ഏവിയേഷൻ വ്യവസായത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടം പ്രതിവർഷം 1.2 ബില്യൺ യുഎസ് ഡോളറിലധിക

## വിമാനം പക്ഷികളെ ഇടിക്കുന്നതിന്റെ കാരണങ്ങൾ

മനുഷ്യൻ പക്ഷിയുടെ മേഖലയിലേക്കും പക്ഷികളുടെയും മൃഗങ്ങളുടെയും സ്വാഭാവിക ആവാസവ്യവസ്ഥയിലേക്കും കടന്നുകയറി എന്നതാണ് BASHന്റെ അടിസ്ഥാന കാരണം. ഉയർന്ന വിമാന വേഗത പൈലറ്റുമാർക്കും പക്ഷികൾക്കും അപകടമൊഴിവാക്കൽ നടപടി സ്വീകരിക്കാനുള്ള പ്രതിപ്രവർത്തന സമയം നിഷേധിക്കുന്നു. വലിയ എയർക്രാഫ്റ്റ് എഞ്ചിന്റെ വിശാലമായ വായ ഒരു വലിയ പ്രദേശത്ത് നിന്നും കൂടുതൽ പക്ഷികളെ വലിച്ചെടുക്കുന്നു. ഉയർന്ന വേഗതയും ഫൈറ്റർ എയർക്രാഫ്റ്റിന്റെ താഴ്ന്ന പറക്കലും ഇതിനെ കൂടുതൽ സാധ്യതയുള്ളതാക്കുന്നു. സജീവമായ റൺവേയിൽ ഇരിക്കുന്ന/കുത്തിയിരിക്കുന്ന പക്ഷികൾ വിമാനദിശയിൽ നിന്നു തന്നെയുള്ള കാറ്റിനെ അഭിമുഖീകരിക്കുന്നതിനാൽ വരുന്ന വിമാനത്തെ കാണുകയോ ശബ്ദം കേൾക്കുകയോ ചെയ്യാതെ വിമാനം അടുക്കുമ്പോൾ, പക്ഷി പറന്നുയരുന്നു, അങ്ങനെ ഒരു കൂട്ടിയിടി സംഭവിക്കുന്നു. താഴ്ന്ന ഉയരത്തിലും കുറഞ്ഞ വിമാനവേഗതയിലും പക്ഷി എഞ്ചിൻ സംഘർഷം സംഭവിക്കാം. ഉയർന്ന ഉയരത്തിൽ വിമാനം ഉയർന്ന വേഗത കൈവരിക്കുന്നതിനാൽ തന്നെ അപകട സാധ്യതയും കൂടുതലാണ്. കൂടാതെ കൂട്ടം ചേർന്നുള്ള പക്ഷികളുടെ

കൂട്ടിയിടിയും വിമാനാപകടത്തിന് കാരണമാകും. ടർബോ-പ്രൊപ്പല്ലർ എഞ്ചിനുകളും ഹെലികോപ്റ്ററിന്റെ വലിയ റോട്ടർ ബ്ലേഡുകളും അപകടസാധ്യത കുറഞ്ഞവയാണ്. വാസ്തവത്തിൽ, തിരക്കേറിയ ആകാശത്ത് പക്ഷികളും വിമാനങ്ങളും തങ്ങളുടേതായ വ്യോമ മേഖലക്കായി കൂടുതൽ മത്സരിക്കുന്നു.

## പക്ഷികൾ വിമാനത്താവളങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നത് എന്തുകൊണ്ട്?

വിമാനത്താവളം മനുഷ്യനിർമ്മിത ആവാസവ്യവസ്ഥയാണെങ്കിലും ഈ പരിഷ്കരണം സാധാരണയായി ജീവിതത്തിന്റെ എല്ലാ ദൈനംദിന പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സുരക്ഷിത ആവാസ വ്യവസ്ഥയെന്ന ആകർഷണത്തെ ഇല്ലാതാക്കുന്നില്ല. വിമാനങ്ങൾ, മോട്ടോർ വാഹനങ്ങൾ, മനുഷ്യൻ എന്നിവയൊന്നും ഉപയോഗിക്കാത്ത കൂടുതൽ സ്ഥലങ്ങളും അവയുടെ തുറന്ന സ്വഭാവം, വിശാലത, ആപേക്ഷിക സുരക്ഷ എന്നിവയുമാണ് പക്ഷികളെ ഇവിടങ്ങളിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകം. തുറസ്സായ പ്രദേശം, അനുയോജ്യമായ വിശ്രമസ്ഥലം, ഭക്ഷണ വേട്ട, സസ്യങ്ങൾ, ജലജന്യ പ്രാണികൾ, ഉഭയജീവികൾ, ഉരഗങ്ങൾ, എലികൾ, മുയലുകൾ തുടങ്ങിയ ചെറിയ സസ്തനികൾ എന്നിവകളുടെ സാമീപ്യം വിമാനത്താവളങ്ങളിലേക്ക് പക്ഷികളെ ആകർഷിക്കുന്നു. പകൽ സമയത്ത് നടത്തുന്ന പുല്ലുവെട്ടലിൽ പുല്ലിൽ നിന്ന് പുറന്തള്ളപ്പെടുന്ന പ്രാണികളെ ഭക്ഷിക്കാൻ ഇവയെത്തുന്നു. നനഞ്ഞ മൃഗ മാലിന്യങ്ങൾ ഭക്ഷിക്കാനായെത്തുന്ന പ്രാപ്പിടിയൻ, കഴുകൻ തുടങ്ങിയ റാപ്റ്റർമാരെയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നു, ഇത് വിമാന സുരക്ഷയ്ക്ക് വലിയ ഭീഷണിയാണ്.

## പക്ഷികൾ വിമാനപാതകളിലേക്ക് (Runway) ആകർഷിക്കപ്പെടുന്നത് എന്തുകൊണ്ട്?

എയർപോർട്ട് റൺവേകൾ പക്ഷികളെയും മൃഗങ്ങളെയും വെളിച്ചത്തിലേക്ക് ആകർഷിക്കുന്ന ചെറു പ്രാണികളെ ഭക്ഷിക്കാൻ എത്തുന്നു, പ്രത്യേകിച്ചും കാലവർഷാരംഭത്തിൽ പ്രാണികൾ (ചിതലുകൾ) കൂട്ടമായി ഈ വിശാലവും തുറന്നതുമായ സ്ഥലത്ത് അനുയോജ്യമായ വിശ്രമസ്ഥലം കണ്ടെത്തുന്നു. റൺവേകൾ പക്ഷികളും മൃഗങ്ങളും ഒരു 'ഡൈനിംഗ് ടേബിൾ' ആയി ഉപയോഗിക്കുന്നു. പ്രാപ്പിടിയന്മാർ, കടൽക്കാക്കകൾ തുടങ്ങിയ റാപ്റ്ററുകൾ (പരുന്ത് വർഗ്ഗ പക്ഷികൾ) ഇവ നന്നായി ഉപയോഗിക്കുന്നു. കാരണം ഇത് എല്ലായ്പ്പോഴും ചൂടുള്ളതും വരണ്ടതുമായിരിക്കും. റൺവേകളും ടാക്സിവേകളും തൂവലുകൾ മിനുസമാർന്നതാക്കി നിലനിർത്തുന്നതിനും, വെയിൽ കാഞ്ഞും ചൂട് പിടിപ്പിച്ചും അവയുടെ പറക്കൽ ശേഷി പൂർണ്ണതയിലേക്കെത്തിക്കാനുമുള്ള മികച്ച ഇടങ്ങളായി മാറ്റുന്നു. സൂര്യപ്രകാശത്തിൽ ചൂടുള്ള റൺവേ പക്ഷികളുടെ മേലുള്ള എക്ടോ-പരാന്നഭോജികളെ നീക്കം ചെയ്യാൻ സഹായിക്കുന്നു, അതിനാൽ ചില പക്ഷികൾ റൺവേയിൽ കുത്തിയിരിക്കാൻ ഇഷ്ടപ്പെടുന്നു.

## അപകടങ്ങൾ എങ്ങിനെ കുറക്കാം

വിമാനവും പക്ഷികളും തമ്മിൽ കൂട്ടിയിടിച്ചുള്ള അപകടങ്ങൾ എങ്ങിനെ കുറക്കാം എന്നതിനെപ്പറ്റി വളരെ സുദീർഘവും ശാസ്ത്രീയവുമായ വീക്ഷണങ്ങൾ ഡോ. സതീശനുണ്ട്. വിസ്താരഭയത്താലും സാങ്കേതികത്വത്തിനാലും അവയൊന്നും ഇവിടെ പ്രതിപാദിക്കുന്നില്ല. പ്രധാനമായും വിമാനത്താവളങ്ങളുടെ 10 കി. മീറ്റർ ചുറ്റളവിൽ മാലിന്യസംസ്കരണം നിരോധിച്ചിട്ടുണ്ട്. അതെപോലെ അറവുശാലകൾ, മൃഗ, ഭക്ഷ്യ മാലിന്യങ്ങളുടെ സംസ്കരണം, തള്ളൽ എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. കൂടാതെ വന്യജീവി നിയന്ത്രണ വിദഗ്ധരെ വിമാനത്താവളങ്ങളിൽ നിയോഗിക്കൽ, റൺവേ ഭാഗങ്ങളിൽ ചെടികളും മറ്റും വെച്ചു പിടിപ്പിക്കാതിരിക്കൽ, വിമാനത്താവളത്തിൽ നിന്നുമുള്ള മാലിന്യങ്ങൾ ദൂരദിക്കുകളിൽ കൊണ്ട് പോയി സംസ്കരിക്കൽ, ചെറിയ രീതിയിലുള്ള പേടിപ്പിക്കൽ തുടങ്ങിയവയാണ് കൂടുതൽ പ്രായോഗികമായ രീതികൾ.

പ്രശ്നക്കാരായ പക്ഷികളെയും മൃഗങ്ങളെയും യാന്ത്രികമായി കണ്ടെത്തുകയും അകറ്റുകയും ചെയ്യുക എന്നതാണ് മുന്നോട്ടുള്ള വഴിയും പ്രധാനമായും ഊന്നൽ കൊടുക്കേണ്ടതും. അതിനെല്ലാമുപരിയായി BASH മാനേജ്മെന്റ് വിജയിക്കണമെങ്കിൽ അത് ഒരു ജനകീയ പ്രസ്ഥാനമായിരിക്കണം, അതിനാൽ BASHനെക്കുറിച്ചും അതിന്റെ മാനേജുമെന്റിനെക്കുറിച്ചും അവബോധം ജനങ്ങളിലേക്ക് എത്തിക്കണം.

ഡോ സതീശൻ പറയുന്നു, സുരക്ഷിതമായ പറക്കലിനായി പ്രതിവിധിയേക്കാളും പോസ്റ്റ്മോർട്ടത്തേക്കാളും എളുപ്പവും മികച്ചതും വിവേകപൂർണ്ണവും ചെലവുകുറഞ്ഞതും പ്രായോഗികവുമാണ് പ്രതിരോധവും പ്രീ-മോർട്ടവും! ●

# Influence of corruption in burocracy and in Society



English Extempore competition - Cherpu Sub District High School Level

First Prize winning speech by **R Govind Harikrishnan,** 10th Std.

"You either do something the right way or you don't do it at all" that was an advice for me from my father.

Today I am standing in the Cherppu kalosavam stage to preach about corruption.

Good morning respected judges and dear viewers.

Today in the Indian society corruption is easily noticeable, easily aquireable.

They want money to do the job that they are supposed to do.

It is not only in bureaucracy.

Think for a moment how many times each and every one of you has said if you do this, I'll do this? As teachers think, remember how many times in your past ? Politicians, I am not saying that they are not doing this but this is the first step. They are saying if you give money or power they'll give you what you desire or what I'm supposed to do.

It started with this very concept. If it started here we can end it here.

If you want to end it how can we end it?

How can we know it's true?

I'll tell you examples you've read in the newspaper about NEET and JEE exams.

That was an example of how this is affecting the people.

But the suicide of Additional District magistrate was the effect of corruption to bureaucrats.

I'm again and again asking you to think of the world that we are living in, the world we have got is garbage,I am not saying it is not from our ancestors, from the British who trashed us.

Now from the politicians or people who are corrupt and uncivilized.

We are not like that we are studying at least till 12th or more than that then we are going to develop.

As the civilized person has to show how much we can improve from that point.

Even though I have hatred but when I have a job to do we have to set all that aside.

Today I'm standing in a competition where I have to preach the right way. I can't just come down and bribe my way to first.

Every step every mile think are you doing the right thing the right way? If not, society is not gonna change.

The things that are going to change society are the leaders, we are the leaders of tomorrow, We students are the leaders of tomorrow. Think of many leaders that changed the world and we can change corruption like that, the thing that has been grasping the nations mind.

We can create a better and civilized society without corruption.

My time is limited,
my ideas aren't.
My words are limited,
my duties aren't.

I'm stepping out of the stage with the hope that you all are with me to demolish corruption.

I'm turning off the mic not the idea.

Thank you very much.

# വിവാഹമംഗളാശംസകൾ



**വൈശാഖ്** **ഗോപിക**

ചെറുകുന്ന് തെക്കേ വീട്ടിൽ പിഷാരത്ത് ഹേമലതയുടെയും അപ്പംകളത്തിൽ പിഷാരത്ത് സതീശൻ ഉണ്ണിയുടെയും ('നാരായണീയം', എളമക്കര, കൊച്ചി) മകൾ **ഗോപികയും** ഇരിഞ്ഞാലക്കുട കിഴക്കേ പിഷാരത്ത് ദീപയുടെയും കുത്തന്നൂർ പടിഞ്ഞാത്തറ പിഷാരത്ത് വിജയകുമാറിന്റെയും ('പ്രണവം', ഇടപ്പള്ളി, കൊച്ചി) മകൻ **വൈശാഖും** തമ്മിലുള്ള വിവാഹം 2024 നവംബർ 3നു എറണാകുളം ഗംഗാ ടി.ഡി.എം. ഹാളിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

# വിവാഹമംഗളാശംസകൾ



## സനൽകുമാർ ഗോപിക

കാലടി പിഷാരത്ത് പരേതനായ ഗോപിനാഥന്റെയും പൊന്നാനി കിഴക്കേപ്പാട്ട് പിഷാരത്ത് ഗിരിജയുടെയും മകൾ **ഗോപികയും** എടപ്പാൾ തറക്കൽ പരപ്പറ്റ വീട്ടിൽ കുട്ടൻ– രത്ന കുട്ടൻ ദമ്പതിമാരുടെയും മകൻ **സനൽ കുമാറും** തമ്മിലുള്ള വിവാഹം 09 – 11 – 2024നു തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ വെച്ച് താലി കെട്ടും തുടർ ചടങ്ങുകൾ നരിപ്പറമ്പ് താജ് പാലസ് കൺവെൻഷൻ സെന്ററിലും വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.



**ഐതിഹ്യകപ്പഴമ**

# മതുപ്പുള്ളി പിഷാരടിമാർ



## സ്വാതന്ത്ര്യസമരം, സാമൂഹ്യപരിഷ്കരണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മതുപ്പുള്ളി പിഷാരടിമാർ വഹിച്ച പങ്ക്

**എൻ.പി. സൂര്യൻ**
ഫോൺ: 7025838262


**പാ**ലക്കാട് ജില്ലയിലെ പടിഞ്ഞാറേ അറ്റത്ത്, ചാത്തന്നൂരിനും പെരിങ്ങോടിനുമിടയിലുള്ള, മതുപ്പുള്ളി ഗ്രാമത്തിലെ ഒരു തറവാടാണ് 'തായപ്പടം' എന്ന് ആദ്യകാലത്ത് അറിയപ്പെട്ടിരുന്ന മതുപ്പുള്ളി പിഷാരം.

12 ദശാബ്ദം പിന്നിട്ട ചാത്തന്നൂർ ജി.എൽ.പി. സ്കൂളിൽ ഈയിടെ 'സ്മൃതിപഥം' എന്ന പേരിൽ, കഴിഞ്ഞനൂറ്റാണ്ടിലെ പൂർവ്വവിദ്യാർത്ഥി-അദ്ധ്യാപകരിൽ ഇന്ന് ജീവിച്ചിരിപ്പുള്ളവരുടെ ഒരു സംഗമം നടന്നു. മൺമറഞ്ഞുപോയവരെ സ്മരിക്കവേ, ഒരു നൂറ്റാണ്ട് മുമ്പത്തെ സാമൂഹിക സ്ഥിതിയൽ ഗുണപരമായ മാറ്റങ്ങൾക്കു വേണ്ടി പ്രവർത്തിച്ചിരുന്ന, എന്നാൽ ചരിത്രം രേഖപ്പെടുത്താൻ വിട്ടുപോയ പല പൂർവ്വസൂരികളുടേയും സംഭാവനകളിലേക്കും വെളിച്ചം വീണു.

അക്കൂട്ടത്തിൽ, പിഷാരടിസമുദായത്തിന് അഭിമാനം നൽകാൻ പോന്നവിധം, മതുപ്പുള്ളി പിഷാരത്തെ ചിലരെപ്പറ്റിയും, നാടിന്റെ പുരോഗതിയിൽ അവർക്കുള്ള പങ്കിനെപ്പറ്റിയും അറിയാൻ കഴിഞ്ഞു. ആ പ്രൗഢോജ്ജ്വല ചടങ്ങിൽ മതുപ്പുള്ളി പിഷാരത്തെ ഗോവിന്ദ പിഷാരടി, കൃഷ്ണ പിഷാരടി, ഗോപാലപിഷാരടി എന്നീ സ്മർത്തവ്യരായ 3 പിഷാരടിമാരുടെ ഛായാ-പടങ്ങൾ അനാച്ഛാദനം ചെയ്ത്, അവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും ഉണ്ടായി.

അതിൽ പ്രഥമഗണനീയനായിരുന്നു മതുപ്പുള്ളി ഗോവിന്ദ പിഷാരോടി.





ഗോവിന്ദ പിഷാരോടി
(1880 – 1958)


ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന പ്രസ്ഥാനത്തിന്റെ ആദ്യ ദശകത്തിലേ, അവകാശബോധത്തിനും തദ്വാരാ സ്വാതന്ത്ര്യ വാഞ്ഛക്കും വഴിയൊരുക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തി, നേതാക്കൾ തിരിച്ചറിഞ്ഞിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 90% നിരക്ഷരർ ജീവിച്ച ഈ ഗ്രാമങ്ങളിൽ 20 കിലോമീറ്ററോ അതിൽ കൂടുതലോ ചുറ്റളവിനുള്ളിൽ ഒരു സ്കൂൾ പോലുമില്ലായിരുന്നു. ചില ഉത്പതിഷ്ണുക്കൾ ഈ നാട്ടിൽ ഒരു സ്കൂൾ സ്ഥാപിക്കാൻ ശ്രമം തുടങ്ങിയെങ്കിലും പല പ്രതിബന്ധനങ്ങളും തരണം ചെയ്യേണ്ടിവന്നു. മതുപ്പുള്ളി ഗോവിന്ദപിഷാരടി, പടിഞ്ഞാറെ മഠം നമ്പ്യാർ, കിഴീട്ടിൽ മൂസ്സത് (നമ്മുടെ അഭിമാനമായ മെട്രോമാൻ പദ്മവിഭൂഷൺ ഇ. ശ്രീധരൻ അവർകളുടെ അച്ഛൻ), കക്കാട്, നിലയങ്ങോട് നമ്പൂതിരിമാർ എന്നിവരും മറ്റുചില പുരോഗമനേച്ഛുക്കളുമടങ്ങിയ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ചത് ഈ ഗോവിന്ദപിഷാരടി ആയിരുന്നു. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന തത്ത്വം മുറുകെ പിടിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതവ്രതം തന്നെ മറ്റുള്ളവർക്ക് വിദ്യാലബ്ധിക്ക് അവസരമൊരുക്കുക എന്നതായിരുന്നു. ദീർഘവീക്ഷണം ആത്മാർത്ഥപ്രവർത്തനത്തെ പരിണയിച്ചാൽ ഫലപ്രാപ്തി സുനിശ്ചിതം, അല്ലേ? അങ്ങനെ 1906-ൽ ഇവിടെ ഒരു സ്കൂൾ സ്ഥാപിതമായി. ക്രാന്തദർശിയായ അദ്ദേഹത്തെപ്പോലുള്ളവർ ഇല്ലായിരുന്നെങ്കിൽ ഇന്നാട്ടിലെ അധഃസ്ഥിതർക്ക് വിദ്യാഭ്യാസം പതിറ്റാണ്ടുകളോളം അപ്രാപ്യമാകുമായിരുന്നു.

വർഷങ്ങളോളം ഈ സ്കൂളിന്റെ പുരോഗതിക്കായി അദ്ദേഹം പ്രവർത്തിച്ചു. ബാക്കി ചരിത്രം വിസ്തരിക്കുന്നില്ല.

(ഈ സ്കൂൾ പിന്നീട് മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് ഹയർ എലിമെന്ററി സ്കൂൾ - ഇപ്പോൾ ജിഎൽപിഎസ് ആയി; പ്രാസംഗികമായി പറയട്ടെ, ഈ സ്കൂളിൽ മതുപ്പുള്ളി പിഷാരത്തുനിന്ന് ഒരേസമയം 8 കുട്ടികൾ മുതൽ 12 കുട്ടികൾവരെ പഠിച്ചിരുന്നു; മതുപ്പുള്ളി പിഷാരം കുടുംബാംഗങ്ങളിൽ 45-ൽപരംപേർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളുമാണ്!)

1923 മുതൽ അദ്ധ്യാപകനായി ഇതേ സ്കൂളിൽ പഠിപ്പിച്ച്, സ്കൂളിന്റെ ഉന്നമനത്തിന് ശ്ലാഘനീയമായി പ്രവർത്തിച്ച് പിരിഞ്ഞ മറ്റൊരു മഹത്‌വ്യക്തിയായിരുന്നു മതുപ്പുള്ളി കൃഷ്ണപിഷാരടി എന്ന ഷാരോടി മാഷ്.



ഗോവിന്ദ പിഷാരോടി
(1880 – 1958)

തന്റെ ശിഷ്യരുടെ രക്ഷിതാക്കളുമായി നിരന്തരം ഇടപഴകിയും അവരെ ബോധവൽക്കരിച്ചും അധഃസ്ഥിതരെ ഉദ്ധരിക്കാൻ ശ്രമിച്ചു. ഒഴിവുസമയങ്ങളിൽ സ്വന്തം തോട്ടത്തിൽ കാർഷിക പ്രവർത്തനങ്ങളിൽ വ്യാപരിച്ച അദ്ദേഹം അവിടെ വരുന്ന കുട്ടികൾക്കെല്ലാം ഇളനീർ, പഴം എന്നിവയൊക്കെ കൊടുത്തിരുന്നത് ഇന്നും ഓർക്കുന്നവരുണ്ട്. സാമൂഹിക ഉച്ചനീചത്വനിരാസം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, ഇത്യാദി ഗാന്ധിയൻ ആദർശങ്ങൾ നടപ്പിലാക്കുന്നത് സ്വജീവിതം കൊണ്ട് കാട്ടിക്കൊടുക്കുകയും ചെയ്ത ആ മനീഷിയെപ്പറ്റിയുള്ള കൂടുതൽ വിവരണം ഇവിടെ അപ്രസക്തമാണ്.

അദ്ദേഹത്തിന്റെ അനുജൻ ഗോപാലപിഷാരടിയാണ് പ്രസ്താവ്യനായ മറ്റൊരു വ്യക്തി. ഗാന്ധിജിയുടെ ഇന്ത്യയിലേക്കുള്ള വരവോടെ, സ്വാതന്ത്ര്യ സമരത്തിന് പുതിയ മാനം കൈവന്നുവല്ലോ. അദ്ദേഹത്തിന്റെ സ്വദേശി/ഖാദി പ്രസ്ഥാനത്തിൽ, ഒരു കോൺഗ്രസ്സുകാരനായി പ്രവർത്തിച്ചു തുടങ്ങിയ ഗോപാലപിഷാരടി, തന്റെ ഭാര്യാമാതുലൻ ഗാന്ധിഗ്രാം രാമപിഷാരോടിയുടെ സ്വാധീനത്താൽ, സമാന ചിന്താഗതിക്കാരായ കുറെ യുവാക്കളെ (പെരിങ്ങോട് അച്യുത വാരിയർ, ശേഖര വാരിയർ, പാവേരി നമ്പൂതിരി തുടങ്ങിയ മുഖ്യർ) സംഘടിപ്പിച്ച്, സ്വന്തം വീടിന്റെ പുറത്തെ പത്തായപ്പുരമുറ്റത്ത് വലിയ നെടുമ്പുര കെട്ടി ഒരു നൂൽനൂൽപ്പ്, നെയ്ത്തുശാല സ്ഥാപിച്ചു. മറ്റു സംഘടനാ പ്രവർത്തനങ്ങളിലും വ്യാപൃതനായി. പഞ്ചായത്ത് ബോർഡ് ഭരണം, മോർളി-മിന്റോ പരിഷ്കാരങ്ങൾ പ്രകാരം ഭരണത്തിൽ നാട്ടുകാർക്ക് പങ്കാളിത്തം എന്നിവയിലൊക്കെ ഗാന്ധിജിയുടെ നിർദ്ദേശാനുസൃതമുള്ള പ്രവർത്തനം, റെഫറൻഡം എന്ന ഹിതപരിശോധനയിൽ ചെയ്യാനുള്ളവ, പ്രചാരണങ്ങൾ എന്നിങ്ങനെ തിരക്കേറിയ രാഷ്ട്രീയത്തിലും സമരപരിപാടികളിലും മുഴുകിയ അദ്ദേഹം, താഴെത്തട്ടിലുള്ളവർക്ക് ഒരത്താണിയായിരുന്നു. വിശന്നുവരുന്നവരെ ഊട്ടുക, സഹായം തേടിവരുന്നവരെ നിരാശരാക്കാതിരിക്കുക എന്നിവയൊക്കെ തന്റെ സമൂഹത്തോടുള്ള പ്രതിബദ്ധതയായി അദ്ദേഹം കരുതി. കൂടല്ലൂർ മനയുടെ ഊരാണ്മയിലായിരുന്ന മുണ്ടമുക (മുണ്ടായ) ദേവസ്വം, മനക്കലെ കാര്യസ്ഥൻ ആയിരിക്കവേ, സന്ദർശിക്കുന്ന വേളയിൽ അവിടെ ശാന്തിവൃത്തിയിൽ (പൂജാരി) ഉള്ള വി.ടി. ഭട്ടതിരിപ്പാടുമായുണ്ടായ സൗഹൃദം പിഷാരോടിക്ക് മറക്കാനാകുമായിരുന്നില്ല. ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി സെക്രട്ടറി ആയിരുന്നല്ലോ. കോൺഗ്രസ്സ് പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹവുമായി സമ്പർക്കം പുലർത്തിയതിൻഫലമായി സുഹൃദ്ബന്ധം വളർന്നുവെങ്കിലും, പിൽക്കാലത്ത് അദ്ദേഹം തിപ്പലിശ്ശേരിയിൽ (ക്ഷേത്രത്തിനു സമീപമുള്ള ഇല്ലത്തിൽ) ഒളിവിൽ കഴിയവേ സഹായവുമായി കോൺഗ്രസ്സുകാരനായ പിഷാരടി ചെന്നിരുന്നു. ഒരു കോൺഗ്രസ്സുകാരനെ പോലീസ് സംശയിക്കില്ലല്ലോ? (സ്വാതന്ത്ര്യലബ്ധിക്കുശേഷം, രാഷ്ട്രീയത്തിലെ അധികാരദാഹവും സ്വാർത്ഥമോഹവും, സ്വാതന്ത്ര്യസമരത്തെ മുമ്പ് തള്ളിപ്പറഞ്ഞവരുടെ പിന്നത്തെ ഭരണപ്രവേശവും അദ്ദേഹത്തെ നിരാശനാക്കി. തുടർന്ന് രാഷ്ട്രീയത്തിൽ നിന്ന് വിടപറഞ്ഞു; ഖദറിന്റെ പവിത്രത പുതിയ ഭരണക്കാർ നഷ്ടപ്പെടുത്തി എന്ന ബോധ്യം മൂലം ഖദർ ഉപേക്ഷിച്ചുവെങ്കിലും അന്ത്യ-കാലം വരെ ഗാന്ധിയനായിത്തന്നെ ജീവിച്ചു). ഇങ്ങനെ എത്രയോ പേർക്ക് പിഷാരടിസമുദായം ജന്മം നൽകിയിട്ടുണ്ട്. അറിയപ്പെടുന്ന ഉന്നതശീർഷർ തുളസീദളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്; അക്കൂട്ടത്തിൽ ഇവരും ഉണ്ടാകേണ്ടതല്ലേ?

അവലംബം:- ചാത്തനൂർ ജി.എൽ.പി. സ്കൂൾ 9.11.2024ൽ 'സ്മൃതപഥ'ത്തിനു തയ്യാറാക്കിയ സ്മരണിക.

കവിത

# കാതര മൊഴി...



കെ.പി. ഹരികൃഷ്ണൻ

മലയാള ഭാഷയൊരു സുന്ദരിപ്പെണ്ണായി
കനവിലൂടെൻ മുന്നിലെത്തി
മാൻമിഴികൾ ചിമ്മിയൊരു നിസ്വനം വിട്ടവൾ
തേൻ മൊഴികളാൽ മെല്ലെ ചൊല്ലി

നാടെവിടെയോ വിട്ടു ദൂരേക്കു വന്നു ഞാൻ
സ്നേഹത്തണലുകൾ തേടി

ഭാവിയുടെ ചിന്തകൾ സ്വപ്നങ്ങളിൽ വന്നു
പേടിപ്പെടുത്തുന്നു നിത്യം

എൻ സ്വത്വമെവിടെയെന്നോർത്തോർത്തോ
ഞാനിവിടെ നിദ്രാവിഹീനയായ് നില്പൂ

പാനകേട്ടുണരുന്ന പുലരികൾ തരികെന്നിൽ
ഭക്തിയുണർത്തൂ കിളിക്കൊഞ്ചലാൽ

ശൃംഗാരചിന്തകൾ പൂക്കണം ശ്ലോകത്തിൽ
തുള്ളൽക്കഥയിൽ ചിരിച്ചിടേണം

ഉജ്ജ്വല ചിന്തകൾ നല്കുന്ന വരികളെൻ
ചിന്തയെപാരമുയർത്തിടേണം

വെള്ളിക്കൊലുസിട്ടുലാത്തണം, മുടി കെട്ടി
മുല്ലപ്പൂ ചൂടി ചിരിച്ചിടേണം
ഗാഥയുടെ താളത്തിൽ മെല്ലയുറങ്ങണം
നിറമാർന്ന സ്വപ്നം വിടർന്നിടേണം

അതിനായി വന്നെന്നെ തഴുകുകെന്നോതുന്ന
സുമുഖിയെ കാണാനുണർന്നു നോക്കെ

പരദേശ സൗഭഗം തേടുവാനോടുന്ന
ജനതയുടെ നടുവിൽ തളർന്നിരിക്കും
മലയാള ഭാഷയെ കണ്ടു ഞാൻ....
വിറപൂണ്ടു വേഗം പുണർന്നെടുത്തു.

●

## ഗോവ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ 'വാടാമല്ലി' ക്ക് നാമനിർദ്ദേശം




**അ**വയവദാനത്തെക്കുറിച്ചുള്ള ഹ്രസ്വചിത്രമായ 'വാടാമല്ലി' ഗോവ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. ശ്രീമതി വൈക (ഗീത സതീഷ് പിഷാരടി) രചനയും സംവിധാനവും നിർവ്വഹിച്ച 'വാടാമല്ലി' അവയവദാനത്തിന്റെ നിർണായക പ്രശ്നത്തിലേക്ക് വെളിച്ചം വീശിക്കൊണ്ട് അർത്ഥവത്തായ സംഭാഷണങ്ങൾക്ക് തിരികൊളുത്തുകയും മാറ്റത്തിന് പ്രചോദനം നൽകുകയും ചെയ്യുന്നു. ഗോവ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ചിത്രത്തിന്റെ നാമനിർദ്ദേശം അതിന്റെ ഫലപ്രദമായ കഥപറച്ചിലിന്റെയും അഭിനേതാക്കളുടെ അർപ്പണബോധത്തിന്റെയും തെളിവാണ്. ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നത് ഗാന്ധിനഗറിലെ യുവ പ്രതിഭകളാണ്.

ശ്രീമതി ഗീത സതീഷ് പിഷാരോടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# 17.11.24 നു കൂടിയ സംയുക്ത നിർവ്വാഹക സമിതി യോഗ റിപ്പോർട്ട്

പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ ശ്രീ. കെ.പി. മുരളിയുടെ പ്രാർത്ഥനയോടെ 10.30 നു യോഗം ആരംഭിച്ചു. ജന. സെക്രട്ടറി സ്വാഗതം പറഞ്ഞു.

കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി. വടക്കാഞ്ചേരി ശാഖാ മുൻ രക്ഷാധികാരിയും പ്രസിഡണ്ടുമായിരുന്ന ശേഖര പിഷാരോടിയെക്കുറിച്ച് അനുസ്മരണം നടത്തി.

അദ്ധ്യക്ഷ ഭാഷണത്തിൽ പ്രസിഡണ്ട് ജ്യോതിർഗമയ തുടർന്നും നിലനിർത്തിക്കൊണ്ട് പോവേണ്ട ആവശ്യകത തുടങ്ങിയ വിവിധ വിഷയങ്ങളിലേക്ക് ആമുഖം നടത്തി.

സമാജം റിപ്പോർട്ട് ജന. സെക്രട്ടറിയും കണക്ക് ഖജാൻജിയും അവതരിപ്പിച്ചു. സമാജം, തുളസീദളം എന്നിവയുടെ ബാങ്ക് അക്കൗണ്ട് പ്രവർത്തനങ്ങളെപ്പറ്റിയും KYC യെപ്പറ്റിയും വിശദീകരിച്ചു.

മഞ്ചേരി ശാഖയെപ്പറ്റി ഉത്തരമേഖലാ കോഓർഡിനേറ്റർ വിശദമാക്കി. ഡിസംബർ 10 നു ശേഷം ശാഖാ മുൻ കമ്മിറ്റി, ജന. സെക്രട്ടറി, പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ മഞ്ചേരി ശാഖാ മന്ദിരത്തിൽ വെച്ച് ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചു.

തുളസീദളം കലാസാംസ്കാരിക സമിതി എന്ന സ്വതന്ത്ര സംഘടനക്ക് 5 വർഷത്തേക്ക് അംഗീകാരം ലഭിച്ചതായി സമിതി പ്രസിഡണ്ടും സെക്രട്ടറിയും അറിയിച്ചു.

ചെന്നൈ ശാഖയിൽ നിലവിലുള്ള ബാങ്ക് ഡെപോസിറ്റ് തിരികെ ലഭിക്കാൻ കേന്ദ്രത്തിൽ നിന്നും ഒരു വിശദീകരണ കത്ത് കൊടുക്കുവാൻ തീരുമാനിച്ചു.

തുളസീദളം - മാനേജരുടെ അഭാവത്തിൽ കണക്കുകൾ സമാജം ഖജാൻജി അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു. പുരസ്കാര സമർപ്പണ ചടങ്ങിന്റെ അവലോകനത്തിൽ നല്ല രീതിയിൽ നടന്നതായി അഭിപ്രായപ്പെട്ടു.

PE&WS ജ്യോതിർഗമയ തൃശൂർ ആസ്ഥാന മന്ദിരത്തിൽ വെച്ച് ഡിസംബറിൽ നടത്താമോ എന്ന് ചർച്ച ചെയ്തു. ജ്യോതിർഗമയ കൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയാണ് നാം ലക്ഷ്യമിടുന്നതെന്ന് അദ്ധ്യക്ഷൻ വിശദമാക്കി. സർഗ്ഗോത്സവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനെപ്പറ്റിയും ചർച്ച ചെയ്തു. ഈ വർഷം ശാഖാ തലത്തിൽ നടത്തുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചു. പിണ്ഡമടിയന്തിരത്തിന് ഹാൾ ചാർജ്ജ് 5000 എന്നത് 4000 ആക്കി കുറച്ചു കൊണ്ടും മറ്റു പരിപാടികൾക്ക് 6000 എന്നും തീരുമാനിച്ചു.

PP&TDT സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ കണക്ക് അവതരിപ്പിച്ചു. രണ്ടും അംഗീകരിച്ചു.കഴിഞ്ഞ വർഷത്തെ ITR ഫയൽ ചെയ്തതായി അറിയിച്ചു.

2025ലെ കേന്ദ്ര വാർഷികം നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ച് ഇരിഞ്ഞാലക്കുട ശാഖ മുന്നോട്ട് വന്നത് ചർച്ച ചെയ്ത് അതിന് അംഗീകാരം നൽകി. 2025 മെയ് 22നു ശേഷമുള്ള സൗകര്യപ്രദമായ ദിനത്തിൽ നടത്തുവാൻ തീരുമാനിച്ചു.

ബൈലോ കമ്മിറ്റി - മുൻ പ്രസിഡണ്ട്, മുൻ ജന. സെക്രട്ടറി, ശാഖാ പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിറ്റി ആദ്യം പ്രതിനിധി സഭയിലും പിന്നീട് പൊതു സഭയിലും അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന് തീരുമാനിച്ചു.

ക്ഷേത്ര കലകൾക്ക് അവാർഡ് നൽകണമെന്ന നിർദ്ദേശം ചർച്ച ചെയ്തു. മാലകെട്ടിന് കോഴ്സ് നടത്തൽ, തുടർന്ന് പാസാവുന്നവർക്ക് സർട്ടിഫിക്കറ്റു കൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ കൂടുതൽ വ്യക്തത കൈവരുത്തി പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചു.

തുടർന്ന് ജോ.സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു. ●

## ബാലസമാജം

**കൃഷ്ണജിത്ത് എ.പി.**
അണ്ണശ്ശേരി പിഷാരം
കോട്ടായി





## തുളസീദളം കലാ സാംസ്കാരിക സമിതിക്ക് കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം

**ക**ലാകാരന്മാരുടെയും കലാകാരികളുടെയും സജീവ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, അർഹിക്കുന്ന അംഗീകാരങ്ങൾ നൽകുക, കലാ സാംസ്കാരിക പ്രവർത്തനങ്ങളിലേക്ക് കൂടുതൽ യുവ ജനങ്ങളെ ഉയർത്തിക്കൊണ്ടു വരിക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആരംഭിച്ച സ്വതന്ത്ര കലാ സംഘടനയായ തുളസീദളം കലാ സാംസ്ക്കാരിക സമിതിക്ക് കേരള സംഗീത നാടക അക്കാദമിയുടെ അമേച്വർ കലാ സമിതിയുടെ അംഗീകാരം ലഭിച്ചു.

01-11-2024 മുതൽ 31-10-2029 വരെ അഞ്ചു വർഷത്തേക്കാണ് അംഗീകാരം.

### തുളസീദളം കലാസാംസ്ക്കാരിക ഭരണ സമിതി അംഗങ്ങൾ

പ്രസിഡന്റ്: ശ്രീ. എ. രാമചന്ദ്രൻ, വൈസ് പ്രസിഡണ്ടുമാർ: 1. ശ്രീ. വിനോദ് കൃഷ്ണൻ, 2. ശ്രീ. കെ.പി. ഹരികൃഷ്ണൻ, സെക്രട്ടറി: ശ്രീ. ഗോപൻ പഴുവിൽ, ജോയിന്റ് സെക്രട്ടറിമാർ: 1. ശ്രീ. കെ.പി. ഗോപകുമാർ, 2. ശ്രീമതി ജ്യോതി ലക്ഷ്മി (ജ്യോതി ബാബു), ട്രഷറർ: ശ്രീ. ആർ. ശ്രീധരൻ.

**കമ്മിറ്റി അംഗങ്ങൾ**: ശ്രീമതി അനിത ഹരികൃഷ്ണൻ, ശ്രീമതി രഞ്ജിനി ഗോപി, ശ്രീ. കെ. പി. ബാലകൃഷ്ണൻ, ശ്രീ. സി.പി. അച്യുതൻ, ശ്രീ. രാജൻ സിത്താര, ശ്രീ. എ.പി. ഗോപി, ശ്രീ. കലാനിലയം അനിൽകുമാർ, ശ്രീമതി ഭാഗ്യലക്ഷ്മി മോഹൻദാസ്.

# തുളസീദളം കലാസാംസ്ക്കാരിക സമിതി യോഗം

**കേ**രള സംഗീത നാടക അക്കാദമിയുടെ അംഗീകാരം ലഭിച്ചതിനു ശേഷമുള്ള തുളസീദളം സാംസ്ക്കാരിക സമിതിയുടെ പ്രഥമ യോഗം 2024 ഡിസംബർ 1 ഞായറാഴ്ച്ച പിഷാരോടി സമാജം ആസ്ഥാന മന്ദിരത്തിൽ ഓഫീസിൽ വെച്ച് സമിതി പ്രസിഡണ്ട് ശ്രീ എ. രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ എല്ലാവരും ചേർന്നുള്ള മൗന പ്രാർത്ഥനയോടെ ആരംഭിച്ചു.

സെക്രട്ടറി ശ്രീ. ഗോപൻ പഴുവിൽ ഏവർക്കും സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. എ. രാമചന്ദ്രൻ കലാസമിതിയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ചും നിയമാവലിയെ കുറിച്ചും വിശദമായി സംസാരിച്ചു. ജാതിമതഭേദമന്യേ സർവ്വരെയും ഒന്നിപ്പിച്ചു കൊണ്ട് ആരംഭിച്ചിട്ടുള്ള ഒരു സ്വതന്ത്ര കലാസംഘടനയാണ് തുളസീദളം കലാ സാംസ്ക്കാരിക സമിതി. പിഷാരോടിമാരിലെയും അ

തോടൊപ്പം മറ്റു മത, ജാതി വിഭാഗങ്ങളിലും പെട്ട യുവജനങ്ങളിലെയും കലാപരമായ സർഗ്ഗവാസന കളെ പരിപോഷിപ്പിക്കുവാനും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനും അവർക്ക് വേദി കൾ ഒരുക്കുവാനും അംഗീകാരങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ഇത് ആരംഭിച്ചിട്ടുള്ളത്. കലാ രം ഗത്തെ സമിതിയുടെ സജീവമായ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി കേരള സംഗീ ത നാടക അക്കാദമിയിൽ അംഗീകാരത്തിനു നമ്മൾ അപേക്ഷ കൊടുക്കുകയും അത് ലഭിക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് തന്നെ സമിതിയിൽ പുതിയ അംഗങ്ങളെ ചേർക്കേണ്ടതും പ്രവർത്തന ങ്ങൾ വിപുലീകരിക്കേണ്ടതുമുണ്ട്.

സെക്രട്ടറി കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ടും ട്രഷറർ ശ്രീ. ആർ. ശ്രീധരൻ കണക്കും അവത രിപ്പിച്ചത് കയ്യടികളോടെ പാസ്സാക്കി. ശ്രീ. ശ്രീധരൻ കേരള സംഗീത നാടക അക്കാദമിയുടെ നിയമാ വലി പൂർണ്ണമായും വായിച്ച് സദസ്സിനെ ബോദ്ധ്യപ്പെടുത്തി.

ഈ കലാസമിതിയുടെ അനിവാര്യതയെ കുറിച്ചും പ്രാധാന്യത്തെ കുറിച്ചുമുള്ള സജീവമായ ചർ ച്ചയിൽ സർവ്വശ്രീ കലാനിലയം അനിൽകുമാർ, എ.പി. ഗോപി, കെ.പി. ഗോപകുമാർ, ശ്രീമതി രഞ്ജി നി ഗോപി, ശ്രീമതി അനിത ഹരികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## യോഗ തീരുമാനങ്ങൾ

- തുളസീദളം കലാ സാംസ്കാരിക സമിതിയുടെ നിയമാവലി അനുസരിച്ച് പ്രവർത്തിക്കാൻ ത യ്യാറുള്ള പുതിയ അംഗങ്ങളെ ചേർക്കുന്നതിനുള്ള 'അംഗത്വ സമാഹരണ പ്രവർത്തനങ്ങൾ' ഉട നെ ആരംഭിക്കുക, മറ്റു വിഭാഗത്തിലുള്ളവരോടൊപ്പം പിഷാരോടിമാരിലെ വിവിധ ശാഖകളി ലെ കലാകാരന്മാരെയും കലാകാരികളെയും ചേർക്കുക, അംഗങ്ങളെ ചേർത്ത് കഴിഞ്ഞ ഉടനെ എല്ലാവരെയും ചേർത്ത് പൊതുയോഗം വിളിക്കുക.
- കലാ സമിതിയിൽ അംഗത്വം നൽകേണ്ട പ്രമുഖരുടെ ഒരു ലിസ്റ്റ് യോഗത്തിൽ തയ്യാറാക്കി.
- പുതിയ രസീതി ബുക്കുകൾ, ലെറ്റർപാഡ്, എന്നിവ പ്രിന്റ് ചെയ്യാൻ തീരുമാനിച്ചു. പുതിയ ബാ ങ്ക് അക്കൗണ്ട് തുറക്കേണ്ടതിലേക്ക് കേരള ബാങ്കുമായി ബന്ധപ്പെടാൻ ട്രഷറർ ശ്രീ. ശ്രീധരനെ ചുമതലപ്പെടുത്തി.
- പിഷാരോടി സമാജം പ്രസിഡണ്ടിനെ കലാ സമിതിയുടെ മുഖ്യ ഉപദേഷ്ടാവാക്കുവാൻ തീരുമാ നിച്ചു.
- തുളസീദളം കലാ സമിതിയുടെ ഉപഘടകമായി യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരു ഭരണ സമിതി രൂപീകരിക്കുവാനും ചില പ്രധാനപ്പെട്ട ചുമതലകൾ അവരെ ഏൽപ്പിക്കുവാനും തീരുമാ നിച്ചു. അധികം താമസിയാതെ കലാ സമിതിയുടെ നേതൃത്വത്തിൽ ഒരു ദിവസത്തെ കലാ പരി പാടികൾ സംഘടിപ്പിക്കുന്നതാണ്.
- കലാരംഗത്തെ പ്രമുഖ സംഘാടകനായിരുന്ന അന്തരിച്ച സിനിമാ സംവിധായകന്റെ സ്മരണ ക്കായി ഒരു പുരസ്ക്കാരം ഏർപ്പെടുത്തുക എന്ന ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയിലേക്ക് അദ്ദേഹ ത്തിന്റെ കുടുംബം 75000 രൂപ സംഭാവന ചെയ്ത വിവരം പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രൻ അറി യിച്ചു. ഈ തുകയോടൊപ്പം സമിതി സമാഹരിക്കുന്ന തുകയും ചേർത്ത് വർഷാ വർഷം കേരള കലാ സമൂഹത്തിലെ പ്രതിഭകളെ ബാബുനാരായണൻ സ്മാരക കലാ പുരസ്കാരം നൽകി ആ ദരിക്കാൻ തീരുമാനിച്ചു.
- സമിതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിനായി സംഭാവനകൾ ലഭിക്കുന്നതിന് വിവി ധ സംഘടനകളോടോ വ്യക്തികളോടോ അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

ശ്രീമതി അനിത ഹരികൃഷ്ണന്റെ നന്ദിയോടെ 12 മണിക്ക് യോഗം അവസാനിച്ചു

**ഗോപൻ പഴുവിൽ**
സെക്രട്ടറി

ഭക്തി

# മുരളീധര ദർശനം



**മധുസൂദനൻ, കല്യാൺ വെസ്റ്റ്**

**മു**രളീധര ദർശനം ഒരു സാധാരണ ഭക്തിഗാനമായി പാടാമെങ്കിലും പ്രാരംഭ ദശയിലുള്ള ശ്രീ കൃഷ്ണ ഭക്തർക്ക് ധ്യാനിക്കുവാൻ സഹായിക്കുക എന്നതാണ് മുരളീധര ദർശനത്തിന്റെ ധർമ്മം.

കഴിയുന്നത്ര ലളിതമാക്കി എഴുതിയ ഈ കൃതി മുഴുവൻ ആദ്യം ഹൃദിസ്ഥമാക്കാൻ കഴിഞ്ഞില്ലെങ്കിലും അതിൽ പ്രതിപാദിക്കുന്ന ഭഗവൽ ശരീര ഭാഗങ്ങളെ കണ്ണടച്ച് സങ്കല്പിച്ച് ഓരോരോന്നായി തൊഴുതു നമസ്കരിക്കുന്നതായി സങ്കല്പിച്ചാൽ മതിയാകും.

അതും മുഴുവൻ ഓർക്കാൻ കഴിയുന്നില്ലെങ്കിൽ ഓർക്കാൻ കഴിയുന്നത്ര ഭഗവൽ അവയവങ്ങളെ സങ്കൽപിച്ച് തൊഴുതു നമസ്ക്കരിച്ച് സാവകാശം മുഴുവൻ ഹൃദിസ്ഥമാക്കിയാൽ മതിയാകും.

ഈ കൃതിയിൽ മനസ്സിലാക്കാനായി വിഷമമുള്ള പദങ്ങൾക്ക് ഞാൻ ഉദ്ദേശിച്ച അർത്ഥം താഴെ കൊടുക്കുന്നു.

മുകുടം - കിരീടം, കമനീയം - കമാനം പോലെ വളഞ്ഞത്, സ്കന്ധം - ചുമൽ, ഇരുൾ - അജ്ഞാനം, അഹങ്കാരം, ഉപവീതം - തോൾ മുണ്ട് - നമസ്സ്ഥലം - പൊക്കിൾ.

ഇത് ഏവർക്കും ഉപയോഗപ്രദമാവട്ടെ എന്ന പ്രാർത്ഥനയോടെ!

**മധുസൂദൻ**

**പു**ലരിയിൽ ഞാൻ നിന്നെ കണി കണ്ടു തോഴുന്നേൻ;
കേശാദിപാദം ഞാൻ ധ്യാനിച്ചു തൊഴുന്നേൻ;
ശ്രീ മുരളീധര രൂപം തൊഴുന്നേൻ;
മധുസൂദനാ നിന്റെ പൊൻമേനി തൊഴുന്നേൻ! (1)

നെറുകയിൽ വിലസുന്ന മയിൽപ്പീലി തൊഴുന്നേൻ;
മയിൽപ്പീലി മയങ്ങും നിൻ ചുരുൾ മുടി തൊഴുന്നേൻ;
ശിരസ്സിലണിഞ്ഞ നിൻ മുകുടവും തൊഴുന്നേൻ;
മോഹനമാം നിന്റെ ശിരസ്സാകെ തൊഴുന്നേൻ! (2)
(പുലരിയിൽ ഞാൻ നിന്നെ.....)

വിസ്തൃതമാർന്ന നിൻ തിരുനെറ്റി തൊഴുന്നേൻ;
നെറ്റിയിൽ ചാർത്തിയ തൊടുകുറി തൊഴുന്നേൻ;
കമനീയകൃത പുരികങ്ങൾ തൊഴുന്നേൻ;
പുരകങ്ങൾക്കിടയിലെ ആജ്ഞയും തൊഴുന്നേൻ! (3)
(പുലരിയിൽ ഞാൻ നിന്നെ.....)

താമരയിതളൊക്കും മിഴി രണ്ടും തൊഴുന്നേൻ;
കുണ്ഡലം തുള്ളും നിൻ ചെവിരണ്ടും തൊഴുന്നേൻ;
ദർപ്പണം പോൽ മിന്നും കവിൾ തടം തൊഴുന്നേൻ!
ചാരുതയാർന്ന നിൻ നാസിക തൊഴുന്നേൻ; (4)
(പുലരിയിൽ ഞാൻ നിന്നെ.....)

പവിഴങ്ങളിടയും നിൻ അധരങ്ങൾ തൊഴുന്നേൻ!
അധരത്തിലൊളിക്കും നിൻ പൽനിര തൊഴുന്നേൻ;

അധരത്തിൽ മുത്തുന്ന പൊൻവേണു തൊഴുന്നേൻ;
പാർവ്വണശശി തോൽക്കും മുഖപത്മം തൊഴുന്നേൻ! (5)
(പുലരിയിൽ ഞാൻ നിന്നെ.....)

കൗസ്തുഭം വിലസും നിൻ ഗളസ്ഥലം തൊഴുന്നേൻ;
ഭക്തർതൻ വ്യഥ താങ്ങും സ്കന്ധങ്ങൾ തൊഴുന്നേൻ;
സുരലോകമമരും നിൻ മാറിടം തൊഴുന്നേൻ;
ആനന്ദം വഴിയും നിൻ ഉടലാകെ തൊഴുന്നേൻ!! (6)
(പുലരിയിൽ ഞാൻ നിന്നെ.....)

മഹനീയമാം നിന്റെ കൈരണ്ടും തൊഴുന്നേൻ,
പൊന്നോടക്കുഴലേന്തും പാണികൾ തൊഴുന്നേൻ;
മനസ്സിലെ ഇരുൾ നീക്കും മുരളീരവവും,
ആനന്ദ ചിന്മയരൂപവും തൊഴുന്നേൻ! (7)
(പുലരിയിൽ ഞാൻ നിന്നെ.....)

ചുമലിൽ വിലസുന്ന ഉപവീതം തൊഴുന്നേൻ;
ആലില തോൽക്കും നിൻ ഉദരവും തോഴുന്നേൻ;
ഗഗനമായ് വിളങ്ങും നിൻ നഭസ്ഥലം തൊഴുന്നേൻ;
പീതാംബരം ചുറ്റും അരക്കെട്ടു തൊഴുന്നേൻ (8)
(പുലരിയിൽ ഞാൻ നിന്നെ.....)

ഉലകിനെ താങ്ങുംനിൻ തുട രണ്ടും തൊഴുന്നേൻ;
വിതലാതലമാം കാൽമുട്ടു തൊഴുന്നേൻ;
തമ്മിൽ പിണച്ച നിൻ കണങ്കാലും തൊഴുന്നേൻ;
ദീനദയാലോ നിൻ ചരണങ്ങൾ തൊഴുന്നേൻ (9)
(പുലരിയിൽ ഞാൻ നിന്നെ.....)

മുരളീധരാ നിന്റെ തനുവാകെ തൊഴുന്നേൻ;
നിൻ തിരുരൂപം ഞാൻ ധ്യാനിച്ചു തൊഴുന്നേൻ!
കേശാദിപാദം നിൻ ഉടൽ കണ്ടു തൊഴുന്നേൻ;
മനസ്സിൽ നീ എന്നും നിറയുവാൻ തൊഴുന്നേൻ! (10)
(പുലരിയിൽ ഞാൻ നിന്നെ.....)

# ഏകാദശി മർച്ചന്റ്സ് വിളക്ക് പുരസ്കാരം രാഘവപിഷാരടിക്ക്



**ഗു**രുവായൂർ ഏകാദശിയോടനുബന്ധിച്ച് ഗുരുവായൂർ വ്യാപാരികൾ നൽകുന്ന മർച്ചന്റ്സ് വിളക്ക് പുരസ്കാരം ഇലത്താളം വിദഗ്ധൻ പല്ലാവൂർ രാഘവപ്പിഷാരടിക്ക് സമ്മാനിക്കും. ഗുരുവായൂരിലെ പഴയകാല വ്യാപാരിയായിരുന്ന പി.കെ. സത്യനാഥൻ നായരുടെ സ്മരണാർത്ഥമാണു 10,001 രൂപയുടെ പുരസ്കാരം.

എല്ലാ വർഷവും മർച്ചന്റ്സ് വിളക്കിനോടനുബന്ധിച്ച്, മൺമറഞ്ഞ വ്യാപാരിനേതാക്കളുടെ ഓർമ്മക്കായി പുരസ്കാരം നൽകി വരുന്നുണ്ട്. വിളക്കു ദിവസമായ വെള്ളിയാഴ്ച രാത്രി ഏഴിന് മേൽപ്പുത്തൂർ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പുരസ്ക്കാരം ശ്രീ രാഘവപ്പിഷാരോടിക്ക് സമർപ്പിക്കുമെന്ന് പ്രസിഡന്റ് കെ. മധുസൂദനനും ജനറൽ സെക്രട്ടറി ജി.കെ. പ്രകാശനും അറിയിച്ചു.

ശ്രീ. പല്ലാവൂർ രാഘവപ്പിഷാരോടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റെയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# വിവാഹമംഗളാശംസകൾ




## വിദ്യ ♥ പിയൂഷ്



കടവല്ലൂർ പിഷാരത്ത് സന്ധ്യ വേണുഗോപാലിന്റെയും കാട്ടകാമ്പാൽ രാമപുരത്ത് പിഷാരത്ത് വേണുഗോപാൽ പിഷാരോടിയുടെയും മകൾ **വിദ്യയും** ഹരിയാന, ഭിവാനിയിലെ രമ – ധരംവീർ ശർമ്മ ദമ്പതിമാരുടെ പുത്രൻ **പിയൂഷും** തമ്മിലുള്ള വിവാഹം 2024 നവംബർ 17നു ഭിവാനിയിലെ രാജ് മഹൽ പാലസിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നു.

# ആദരാഞ്ജലികൾ



## പരക്കാട്ട് പിഷാരത്ത്
## ഗോവിന്ദൻകുട്ടി പിഷാരോടി

ചരമം: 13 – 11 – 2024

### സ്നേഹസ്മരണകളോടെ:

ഭാര്യ: തിരുവത്ര പിഷാരത്ത് സരോജിനി (മണി) പിഷാരസ്യാർ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| പ്രസന്ന | ശിവദാസ് | സുപ്രിയ |
| പ്രദീപ് | സന്ധ്യ | സഞ്ജന |

# വേർപാടിന്റെ പത്തു വർഷങ്ങൾ

## റിട്ട. കേണൽ
## ആർ.കെ. പിഷാരോടി

ശ്രീ റസിഡൻസി, പ്രസ്സ് ക്ലബ്ബ് റോഡ്, തൃശൂർ
(പഴയനടക്കാവ് പി.ടി. ഹൗസ് കുടുംബാംഗം)
മരണം: 04-12-2014

സ്നേഹസ്മരണകളോടെ
കുടുംബാംഗങ്ങൾ





ജനനം: 03.01.1935 മരണം: 09.12.2004

## 20-ാം ചരമവാർഷികം
## (09-12-2024)

## തൊണ്ടിയന്നൂർ പിഷാരത്ത്
## കൃഷ്ണപിഷാരോടി

സഹധർമ്മിണി:
പരേതയായ മാന്നനൂർ പിഷാരത്ത് രുഗ്മിണി പിഷാരസ്യാർ

ദുഃഖസ്മരണകളോടെ....
കുടുംബാംഗങ്ങൾ



# വിവാഹ മംഗളാശംസകൾ

## ശ്രീലക്ഷ്മി ❤ ജയകൃഷ്ണൻ

കണ്ടിയൂർ പിഷാരത്ത് ശ്രീ. രാമഭദ്ര പിഷാരോടിയുടെയും മുണ്ടയിൽ പിഷാരത്ത് ശ്രീമതി വനജ പിഷാരസ്യാരുടെയും പുത്രി

**ശ്രീലക്ഷ്മിയും**

മുണ്ടയിൽ പിഷാരത്ത് ശ്രീ. സുകുമാര പിഷാരോടിയുടെയും ചിറ്റാരി പിഷാരത്ത് ശ്രീമതി ശോഭന പിഷാരസ്യാരുടെയും പുത്രൻ

**ജയകൃഷ്ണനും**

തമ്മിലുള്ള വിവാഹം 28.11.2024 ന് മുണ്ടൂർ സുധീഷ് ഓഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു.





പിഷാരോടിമാരുടെ
പിഷാരോടി സമാജത്തിന്റെ
അക്ഷരനാവാണ്

തുളസീദളം

വായിക്കുക
വരിക്കാരാവുക
പ്രചരിപ്പിക്കുക

പരസ്യങ്ങൾ സംഘടിപ്പിച്ച് സഹകരിക്കുക.

ലേഖനം

# ഭ്രാന്ത പാഠങ്ങളുടെ ഉയരത്തിലേക്ക് തനിയെ മനക്കല്ലുരുട്ടി



വേണു വീട്ടീക്കുന്ന്

'**ചാ**രങ്ങൾപോലും പകുത്തുതിന്നുന്നൊരീ
പ്രേതങ്ങളലറുന്ന നേരം...
പേയും പിശാചും പരസ്പരം
തീവട്ടിപേറി അടരാടുന്ന നേരം...
നാദങ്ങളിൽ സർവ്വനാശമിടിവെട്ടുമ്പോൾ
ആഴങ്ങളിൽ ശ്വാസതന്മാത്ര പൊട്ടുമ്പോൾ
അറിയാതെ ആശിച്ചുപോകുന്നു ഞാനും...
വീണ്ടുമൊരുനാൾ വരും...
വീണ്ടുമൊരുനാൾ വരും...
എന്റെ ചുടലപറമ്പിലെ തുടതുള്ളുമീ
സ്വാർത്ഥ സിംഹാസനങ്ങളെ കടലെടുക്കും...
പിന്നെ ഇഴയുന്ന ജീവന്റെ അഴലിൽ നിന്നു
അമരഗീതം പോലെ ആത്മാക്കൾ
ഇഴചേർന്ന് ഒരദ്വൈത പദ്മമുണ്ടായ് വരും...

അതിലെന്റെ കരളിന്റെ നിറവും സുഗന്ധവും
ഊഷ്മാവുമുണ്ടായിരിക്കും...
അതിലെന്റെ താരസ്വരത്തിൻ പരാഗങ്ങൾ
അണുരൂപമാർന്നടയിരിക്കും ...
അതിനുള്ളിൽ ഒരു കൽപ്പതപമാർന്ന ചൂടിൽനിന്നു
ഒരു പുതിയ മാനവനുയിർക്കും...
അവനിൽനിന്നാദ്യമായ് വിശ്വം സ്വയം പ്രഭാപടലം
ഈ മണ്ണിൽ പരത്തും...
ഒക്കെ ഒരു വെറും ഭ്രാന്തന്റെ സ്വപ്നം
നേരു നേരുന്ന താന്തന്റെ സ്വപ്നം...'

വർഷങ്ങൾക്കു മുമ്പ്, എന്നു പറഞ്ഞാൽ രണ്ടോ മൂന്നോ വ്യാഴവട്ടങ്ങൾക്കു മുമ്പ് മധുസൂദനൻ നായർസാറിനു തോന്നിയ ഒരു ഭ്രാന്തിന്റെ ബാക്കിപത്രമാണ് മുകളിലെ വരികൾ. ഒരു മാസം മുമ്പ്, കൃത്യമായി പറഞ്ഞാൽ ഒക്ടോബർ പതിനേഴിന്, തുലാമാസം ഒന്നാം തിയ്യതി എന്റെ ഓർമ്മകളും പല ഊടുവഴികളിലൂടെ വരരുചിപ്പഴമ തേടിയലയുകയുണ്ടായി. നാറാണത്തു ഭ്രാന്തനെന്ന ഒരു അതിമാനുഷ കഥാപാത്രത്തിന്റെ ജീവചൈതന്യം തുളുമ്പുന്ന ഓർമ്മകൾ തളം കെട്ടിക്കിടക്കുന്ന രായിരനെല്ലൂർ ഗ്രാമപ്രദേശവും, മലയും, മലകയറ്റവും കാണാനും, അനുഭവിക്കുവാനും സാധ്യമായത്, ഈ പതിനേഴിനായിരുന്നു.

കൂട്ടം കൂട്ടമായി തന്നെ കേരളത്തിന്റെ പല ഭാഗത്തു നിന്നും കാലങ്ങളോളമായി തുലാമാസം ഒന്നാം തിയ്യതി, പലതരം ചിന്തകളും ഭാവങ്ങളുമായി ആളുകൾ ഇവിടെയെത്തി മല കയറുന്നു. ഇന്നത് മലയാളികൾക്കു പുറമേ അന്യഭാഷക്കാരും ദേശക്കാരും കൂടി ഏറ്റെടുത്ത് പൂർവ്വാധികം മഹത്തരമാക്കുന്നു എന്നത്, ഓർമ്മകളുടെ കാണാക്കയങ്ങളിലേക്ക് ഊളിയിട്ടിറങ്ങാനുള്ള മനുഷ്യന്റെ താല്പര്യങ്ങളുടെ പ്രത്യക്ഷോദാഹരണമായി തന്നെ വേണം കരുതാൻ.

പതിനേഴാം തിയ്യതി അതിരാവിലെ നാലരക്കു തന്നെ വീട്ടിൽ നിന്നിറങ്ങി ആനവണ്ടിയിൽ കയറി ആറു മണി കഴിഞ്ഞതോടെ കൊപ്പത്തെത്തിയപ്പോഴേക്കു തന്നെ മലകയറ്റ മാഹാത്മ്യത്തെ കുറിച്ചു ഞാൻ ബോധവാനായി തുടങ്ങി. അത്രയധികം ആൾക്കാരെ, ഒരേ ലക്ഷ്യത്തോടെ, പ്രായഭേദമില്ലാതെ, ജാതി മത വർഗ്ഗവർണ്ണ വ്യത്യാസമില്ലാതെ അവിടെ കാണാനായി എന്നതു തന്നെ ഏറ്റവും അത്ഭുതപ്പെടുത്തുന്ന കാര്യം.

വിയറ്റ്നാം പടി, കീഴുമുറി സ്റ്റോപ്പുകൾ കഴിഞ്ഞ് 'ഒന്നാന്തിപ്പടി'യിലെത്തി ബസ് നിന്നപ്പോൾ മലകയറ്റത്തിന്റെ പ്രചുരപ്രചാരത്തെ പറ്റി കൂടുതൽ ബോധ്യം വന്നു. അതല്ലെങ്കിലും നാമൊക്കെ അങ്ങിനെയാണല്ലോ. എന്തും വിശ്വസിക്കണമെങ്കിൽ സ്വയം അനുഭവിച്ചറിയണം. ചെറുപ്പത്തിൽ കമ്പിറാന്തലിന്റെ ചില്ലിൽ തൊട്ടാൽ പൊള്ളുമെന്ന് മുത്തശ്ശി പറഞ്ഞു തന്നത് വിശ്വാസമില്ലാതെ അനുഭവിച്ചറിയാൻ പ്രേരിതനായ എന്റെ സാമാന്യബോധം ഏതൊരു മനുഷ്യനിൽ നിന്നും അധികം വ്യത്യസ്ഥമാവാനിടയില്ലെന്ന ബോധത്തിനോ, ബോധ്യത്തിനോ കൂടി അടിവരയിട്ടുറപ്പിക്കുക തന്നെ



യാണ് ഇത്തരം ഓരോ അനുഭവങ്ങളും.

പലരും കൂട്ടമായും കുടുംബമായുമൊക്കെ യാണ് മല കയറാൻ വന്നിരുന്നതെങ്കിലും, ജന്മ വാസനയെന്നതു പോലെ ഞാനേകനായിരുന്നു. പല സുഹൃത്തുക്കളേയും ബസ്സിൽ വച്ചു കണ്ടിരു ന്നെങ്കിലും മുൻകൂട്ടി തീരുമാനിച്ച പ്രകാരം ആൾ ക്കൂട്ടത്തിനിടക്ക്, അപരിചിതരായവരുടെയിടയിലേ ക്ക് തനിയെ ഇടകലർന്നു നീങ്ങിയാണ് മലകയറ്റം തുടങ്ങിയത്.

ബസ്സിറങ്ങി കുറച്ചു ദൂരം നടന്നത് കോൺ ക്രീറ്റിട്ട നടവഴിയിലൂടെയായിരുന്നെങ്കിലും അല് പദൂരം പിന്നിട്ടപ്പോൾ മലയുടെ സ്വഭാവം കണ്ടു തുടങ്ങി. കുത്തനെയുള്ള കയറ്റത്തിലൂടെ മുകളി ലേക്കു നീങ്ങി തുടങ്ങിയപ്പോൾ ചെറിയ രീതിയിൽ ശ്വാസതടസ്സങ്ങൾ അനുഭവപ്പെടുകയും കിതപ്പു വർ ദ്ധിക്കുകയും ചെയ്തു. മടി പിടിച്ച ശരീരത്തിന്റെ പോരായ്മകളെ സ്വയം മനസ്സിലാക്കാനായത് ഈ മലകയറ്റത്തിന്റെ മറ്റൊരു സംഭാവനയായി കണ ക്കാക്കട്ടെ.

മനുഷ്യജന്മമെടുത്ത് ഓരോരുത്തർ വലിയ കാര്യങ്ങളായി കരുതി കാണിച്ചുകൂട്ടുന്ന ഓരോ പ്രവൃത്തികളിലേയും നിസ്സാരതയേയും നിഷ്ഫല തയേയും ബോധ്യമാക്കിത്തരുവാനെന്നോണം, കൂ റ്റൻ പാറക്കല്ലുകൾ മലമുകളിലേക്ക് ഉരുട്ടിക്കയറ്റി, താഴേയ്ക്ക് തള്ളിവിട്ട്, അതു നോക്കി പൊട്ടിച്ചിരി ക്കുവാനുള്ള നാറാണത്തിന്റെ ഭ്രാന്ത മനസ്സ്, മല കയറിയെത്തുന്ന ഏതൊരാളെയും ആത്മവിശക ലനത്തിനു പ്രേരിപ്പിക്കും.

വർത്തമാനത്തിൽ ജീവിക്കാതെ, ഭാവിയെ ക്കുറിച്ചു ചിന്തിക്കാനും ആകുലപ്പെടാനും, ഭൂതകാ ലസ്മരണകളയവിറക്കാനുമുള്ള മാനവിക ബുദ്ധി ക്ക് ഒരു ചോദ്യചിഹ്നമായാണ് രായിരനെല്ലൂരിലെ നാറാണത്തു ഭ്രാന്തൻ പ്രതിമ നിലകൊള്ളുന്നത്.

ശ്രീ. സുരേന്ദ്രകൃഷ്ണൻ നിർമ്മിച്ച ഭ്രാന്തൻ പ്രതിമയുടെ കാൽചുവട്ടിലായി എഴുതി വച്ചിട്ടുള്ള വാചകങ്ങൾ ഭ്രാന്തജീവിതത്തെ കുറിച്ചു ബോധ്യം വരുത്തുന്ന ലിഖിതങ്ങളാണ്.

'ഭ്രാന്തരാൽ അകപ്പെട്ട മർത്ത്യൻ, ഭ്രാന്തരാ ലറിഞ്ഞു മുഴുഭ്രാന്തനെന്ന്, ആയിരം അർത്ഥമതേ കും പ്രയത്നം മുഴുഭ്രാന്തന്റെ ചെയ്തികളായ് ചമ ച്ചു മുമ്പിലിപ്പാറയായ് കാത്തു നില്ക്കുമൊരു മർ ത്ത്യ ലോകത്തിന്റെ ജന്മത്തിനായ്.'

നാറാണത്തിന്റെ ചെയ്തികൾ പ്രതീകാത്മക മായിരുന്നു. ഓരോരുത്തരുടേയും സ്വാർത്ഥകർമ്മ ങ്ങളിലെ നിഷ്ഫലതയെക്കുറിച്ചുള്ള ബോധ്യങ്ങളാ യിരുന്നു.

അതു തന്നെയാണ് കാവ്യ ചിന്തയിലൂടെ മ ധുസൂദനനായർ സാർ പങ്കുവക്കുന്നതും.

'കണ്ടാലറിഞ്ഞേക്കുമെങ്കിലും തങ്ങളിൽ
രണ്ടെന്ന ഭാവം തികഞ്ഞു...'

എന്നു കവി പറയുമ്പോൾ മനുഷ്യസ്വാർത്ഥത ഏ തൊക്കെ രീതിയിൽ ഉത്ഭവിച്ചു വളർന്നു വരുന്നു

വെന്ന് ചിന്തിപ്പിക്കുന്നു.

'ഉടൽതേടി അലയുമാത്മാക്കളോട്
അദ്വൈതമുരിയാടി ഞാനിരിക്കുമ്പോൾ...
ഉറവിന്റെ കല്ലെറിഞ്ഞൂടെപിറന്നവർ കൂകി
നാറാണത്തു ഭ്രാന്തൻ...'

എന്നു വരെ കവിയുടെ ഭ്രാന്തചിന്തകളെത്തിച്ചേരുമ്പോൾ, നാറാണത്തു ഭ്രാന്തന്റെ അതിമാനുഷിക ഭാവത്തിന്റെ പരമകാഷ്ഠയിൽ അനുവാചകനെ എത്തിക്കുവാനദ്ദേഹത്തിനു കഴിയുന്നു.

രായിരനെല്ലൂർ മലകയറുമ്പോൾ മധുസൂദനൻ നായരെ ഒന്ന് കൂടി നാം മനസ്സിലൂടെ ഉരുവിട്ടു നോക്കുകയാണെങ്കിൽ, ഓരോ വരികളിലൂടെയും അദ്ദേഹം ചമച്ച മാസ്മരികത കൂടുതൽ കൂടുതൽ അനുഭവവേദ്യമാകുന്നതായി കാണാം.

'പൊട്ടിച്ചിരിച്ചും പുലമ്പികരഞ്ഞും
പുലഭ്യം പറഞ്ഞും പെരുങ്കാലനത്തിയും...
ഇരുളും വെളിച്ചവും തിരമേച്ചു തുള്ളാത്ത
പെരിയ സത്യത്തിന്റെ നിർവ്വികാരത്ത്വമായ്..'

നിലകൊള്ളുന്ന നാറാണത്തു ഭ്രാന്തന്റെ സ്വഭാവ വൈവിദ്ധ്യങ്ങൾ, വൈചിത്ര്യങ്ങൾ മലയിലെത്തുന്ന ഓരോരുത്തർക്കും ബോധ്യമാവും. ഒരിക്കൽ വന്നവരെ വീണ്ടും വരുവാനുള്ള പ്രചോദനമേകുന്ന തരത്തിൽ തന്നെ പല ആകാംക്ഷകളും ആകുലതകളും ബാക്കി നിർത്തി മാത്രമേ ആർക്കും മലയിറങ്ങാനാവുകയുള്ളു എന്നതും മറ്റൊരു യഥാർത്ഥ്യം മാത്രം.

'ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ
ഒരുകോടി ഈശ്വര വിലാപം...
ഓരോ കരിന്തിരി കണ്ണിലും കാണ്മു ഞാൻ
ഒരു കോടി ദേവ നൈരാശ്യം...'

എന്ന കവി രോദനം തന്നെയായിരുന്നിരിക്കാം നിസ്വാർത്ഥതയുടെ മൂർത്തഭാവമായിരുന്ന നാറാണത്തു ഭ്രാന്തന്റെ ആത്മസ്വരൂപവും. അതു മനസ്സിലാക്കാനാവാത്ത അലച്ചിലുകൾ തന്നെയാവാം ആൾക്കൂട്ടത്തിലെ എന്റെ ഏകാന്തതക്കു നിദാനമായി തീരുന്നതും. ഈ ഭൂമുഖത്തു കാണുന്നതെല്ലാം പഞ്ചഭൂതങ്ങളാൽ നിർമ്മിതങ്ങളാണെന്നും, അതിനാൽ തന്നെ എല്ലാം നശ്വരങ്ങളാണെന്നും, എന്നാൽ അവയെല്ലാം തന്നെ അനശ്വരങ്ങളായി പഞ്ചഭൂതങ്ങളായി ഭൂമിയിൽ തന്നെ തിരിച്ചു ചെല്ലുന്നുവെന്നുമുള്ള ശാശ്വതസത്യം മനസ്സിലാക്കിക്കഴിഞ്ഞാൽ ഏവർക്കും നാറാണത്തു ഭ്രാന്തനുമായി താദാത്മ്യം പ്രാപിക്കാനാവും.

'ഓം പൂർണമദഃ പൂർണമിദം പൂർണാത്പൂർണമുദച്യതേ/

പൂർണസ്യ പൂർണമാദായ പൂർണമേവാവശിഷ്യതേ//'

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

●

# സൗമ്യ ബാലഗോപാലന്

## ശശിമണി ദേവദാസി രാഷ്ട്രീയ പുരസ്കാരം

**മോ**ഹിനിയാട്ടമെന്ന നൃത്തരൂപത്തിലെ മികച്ച പ്രകടനത്തിനും ആജീവനാന്ത സമർപ്പണത്തിനും കേരളത്തിലെ ജനപ്രിയ മോഹിനിയാട്ട നർത്തകി സൗമ്യ ബാലഗോപാലിന് ഏറ്റവും അഭിമാനകരമായ ശശിമണി ദേവദാസി രാഷ്ട്രീയ പുരസ്കാരം നൽകുന്നതായി ദേവദാസി ദേശീയ നൃത്തോത്സവം 2024 സംഘാടകർ അറിയിച്ചു.



2024 ഡിസംബർ 11 ന് ഭുവനേശ്വറിലെ ഭജനകലാമണ്ഡപത്തിൽ നടക്കുന്ന 18-ാമത് ദേവദാസി ദേശീയ നൃത്തോത്സവത്തോടനുബന്ധിച്ചുള്ള പ്രകടനത്തോടൊപ്പം അവർക്ക് ഈ പുരസ്കാരം നൽകുന്നതാണ്.

പുരസ്കാര ജേതാവ് ശ്രീമതി സൗമ്യ ബാലഗോപാലന് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# മുംബൈ ശാഖാ വനിതാ വിഭാഗം ഗുരുവായൂരിൽ കൈകൊട്ടിക്കളി അവതരിപ്പിച്ചു



**പി**ഷാരോടി സമാജം മുംബൈ ശാഖാ വനിതാ വിഭാഗം 2024 നവംബർ 6 ബുധനാഴ്ച രാവിലെ 11 മണിക്ക് ഗുരുവായൂർ ക്ഷേത്രത്തിന്റെ തെക്കേ നടയിലുള്ള ഗുരുവായൂരപ്പൻ ഓഡിറ്റോറിയത്തിൽ നൃത്താർച്ചന നടത്തി.

കാമനെ കനൽ കണ്ണാൽ എന്ന് തുടങ്ങുന്ന വിഘ്നേശ്വര സ്തുതിയോടും തുടർന്ന് പത്മതീർത്ഥത്തിൽ വസിക്കും എന്ന് തുടങ്ങുന്ന സരസ്വതീ സ്തുതികളോടെയുമാണ് കൈകൊട്ടിക്കളിക്ക് തുടക്കമായത്.

തുടർന്ന് ഗുരുവായൂരപ്പനൊരു ദിവസം എന്ന് തുടങ്ങുന്ന ഗുരുവായൂരപ്പ സ്തുതിക്ക് ശേഷം കണ്ണന്റെ വികൃതികളെക്കുറിച്ചും മറ്റുമുള്ള ഗാനങ്ങൾക്കനുസരിച്ചാണ് നൃത്താർച്ചന മുന്നേറിയത്.

അര മണിക്കൂർ നീണ്ടു നിന്ന കൈകൊട്ടിക്കളി വാമന മൂർത്തിയെ സ്തുതിച്ചു കൊണ്ട് മംഗളം പാടി അവസാനിപ്പിച്ചപ്പോൾ ഗുരുപവനപുരേശ്വരന്റെ തിരുസന്നിധിയിൽ കൈകൊട്ടിക്കളി അവതരിപ്പിക്കുക എന്ന ദീർഘകാലമായുള്ള അവരുടെ അഭിലാഷമാണ് ഭഗവൽ കടാക്ഷത്താൽ സാധിതമായത്.

കൈകൊട്ടിക്കളി സംഘത്തെ പ്രോത്സാഹിപ്പിക്കാനായി ബന്ധുമിത്രാദികളുടെയും ഭക്തജനങ്ങളുടെയും ഒരു വലിയ സദസ്സ് തന്നെ എത്തിയിരുന്നു.

തുടർന്ന് പിഷാരോടി സമാജം ഗുരുവായൂർ ശാഖക്ക് വേണ്ടി സെക്രട്ടറി ശ്രീ എം പി രവീന്ദ്രൻ ആശംസകൾ അർപ്പിച്ചു. ശാഖാ പ്രസിഡണ്ട് ശ്രീമതി വിജയം ജയൻ പങ്കെടുത്ത എല്ലാ കലാകാരികൾക്കും ഉപഹാരങ്ങൾ നൽകി ആദരിച്ചു.

ഈ കൈകൊട്ടിക്കളിക്ക് നേതൃത്വം നൽകിയതും ചിട്ടപ്പെടുത്തിയതും ശ്രീമതി രാജേശ്വരി മുരളീധരനാണ്. മറ്റു സംഘാംഗങ്ങൾ: ശ്രീമതിമാർ മിനി ശശിധരൻ, സുമ ഗോപിനാഥ്, ഷൈനി രാധാകൃഷ്ണൻ, സിന്ധു രമേഷ്, വിജയലക്ഷ്മി രവി, ശുഭ ശശികുമാർ, രഞ്ജു നന്ദകുമാർ, രാജേശ്വരി പ്രമോദ്, കുമാരി സഞ്ജന ഗോപിനാഥ്

ശ്രീമതി രാജേശ്വരി പ്രമോദ് സമാജം വനിതാ വിഭാഗത്തിന് വേണ്ടി വേദി ഒരുക്കിത്തന്ന ഗുരുവായൂർ ദേവസ്വം, പ്രോത്സാഹിപ്പിച്ച എല്ലാ ഭക്തജനങ്ങൾ, പ്രത്യേകിച്ച് പിഷാരോടി സമാജം കേന്ദ്ര ഭരണസമിതി, മറ്റു ശാഖാ ഭാരവാഹികൾ, താമസ സൗകര്യമൊരുക്കി തന്ന സമാജം ഗസ്റ്റ് ഹൌസ് ഭാരവാഹികൾ എന്നിവർക്കും നന്ദി അറിയിച്ചു.

അവലോകനം

# ഗുരുവായൂരിലെ ആസ്വാദനമധുരം

സ്വാതി ജിതിൻ നമ്പൂതിരി
ഗുരുവായൂർ



**ചി**ല സൗഹൃദങ്ങൾ അങ്ങിനെയാണ്. സൃഷ്ടിച്ചു നൽകിയവർ (അമ്മ) ഒപ്പമില്ലാതായാലും ആ സൗഹൃദം കൈവിടാതെ മുന്നോട്ട് തന്നെ കൊണ്ടുപോകുവാൻ സൃഷ്ടിച്ചു തന്നവർ തന്നെ ഉള്ളിലിരുന്നു ഓർമ്മിപ്പിച്ചു കൊണ്ടിരിക്കും. അത്തരമൊരു സൗഹൃദകൂട്ടായ്മയുടെ ഭാഗമായാണ് ഞാൻ പിഷാരോടി സമാജം മുംബൈ ടീമിന്റെ കൈകൊട്ടിക്കളി കാണുവാനായി ഗുരുവായൂരിൽ എത്തിയത്. കൈകൊട്ടിക്കളിയുടെ സ്വതസിദ്ധമായ ശൈലി പിന്തുടർന്നു തന്നെ ഗണപതി സരസ്വതി വന്ദനത്തോടെ വിഘ്നമെല്ലാമകറ്റി തെറ്റുകുറ്റങ്ങളും താളപ്പിഴകളുമില്ലാതെ കളിക്കുവാൻ സാധിക്കണേയെന്നു ചൊല്ലി, ഗണപതിയെയും സരസ്വതിയെയും വണങ്ങി, മെയ്യും മനവും ഈശ്വരനിൽ അർപ്പിച്ചവർ കളിക്കുവാൻ ആരംഭിച്ചു. ഗുരുവായൂരപ്പന്റെ ലീലകൾ വർണ്ണിച്ചുകൊണ്ടുള്ള 'ഗുരുവായൂരപ്പനൊരു ദിവസം' എന്നു തുടങ്ങുന്ന ഗാനത്തിൽ ഭക്തിയാൽ എല്ലാവരും ലയിച്ചു കളിച്ചിരുന്നു, കാണികളും ഒരുപോലെ ലയിച്ചിരുന്നിരുന്നു. 'അരുതേ കോപം' എന്നു തുടങ്ങുന്ന പദത്തിനോട് ലയിച്ചു ചേർന്നു താളസാന്ദ്രമായ ചുവടുകൾ. തങ്ങളുടെ ചുവടുകളിലൂടെ ഭഗവാൻ മഹാവിഷ്ണുവിന്റെ രൂപം നേരിൽ കാണുംപോൾ വളരെ ഭംഗിയായി 'ചെന്താമരദളനേത്രൻ' എന്ന വഞ്ചിപ്പാട്ടിലൂടെ വളരെ ഭംഗിയായി വർണ്ണിച്ചിട്ടുണ്ടായിരുന്നു. ഭഗവാന് തന്റെ ഭക്തയോടുള്ള അളവറ്റ സ്നേഹത്തിന്റെ കഥ വർണ്ണിക്കുന്ന 'മാങ്ങ വേണോ' എന്ന വഞ്ചിപ്പാട്ടും വേദിയിൽ അതിമനോഹരമായി ഏവരും അവതരിപ്പിച്ചു. ഏവർക്കും പരിചിതമായ ഒറ്റപ്പാട്ടുകൾ ആയ 'വെയിലുകൊണ്ട് നിൻ പൂവുടൽ', 'അക്കടൽ ചാടി' എന്നിവ രണ്ടും ആസ്വാദകരെ കൈകൊട്ടിക്കളി ആസ്വാദനത്തിന്റെ പാരമ്യത്തിലെത്തിക്കുന്നവയായിരുന്നു. 'വെയിലൊക്കൊണ്ടു നിൻ' തുടങ്ങുന്ന ഗാനത്തിൽ ഒരുപോലെ പുത്രവാത്സല്യം തുളുമ്പുന്ന യാശോദാമ്മയായി കളിക്കുന്നവരും കാണികളും. 'അക്കടൽ ചാടി' എന്നു തുടങ്ങുന്ന ഗാനത്തിലാകട്ടെ ലങ്കാദഹനത്തിലൂടെ സീതാദേവിയെ രക്ഷക്കുവാനായി എത്തിയ ആഞ്ജനേയന്റെ ശ്രീരാമ ഭക്തിയെ രസകരമായ ചുവടുകളാൽ ചൊടിയോടെയുള്ള അവതരണത്തിലൂടെ വളരെ ഭംഗിയായി അവതരിപ്പിച്ചിരുന്നു. 'മണ്ണ് തിന്നോ നീയെൻ പൊന്മകനെ'

യാത്ര ഭാഗം 5

# രജ്പുത്താന




മുരളി ആനായത്ത്
ഫോൺ: 9495708403


**മീ**രാബായ് 'മാരാ രെ ഗിർധര് ഗോപാല്' എന്ന ഭജൻ പാടുന്ന സ്വപ്നം കണ്ടു കൊണ്ടാണ് ഞാനുണർന്നത്.. കിനാവിലെ മീരാബായിയ്ക്ക് ചെറുപ്പം ലതാമങ്കേഷ്കറുടെ ഛായയായിരുന്നു! ഉണർന്നിട്ടും കാതിൽ  ലതാജിയുടെ ഇമ്പമുള്ള സ്വരം! ഹൃദയത്തിൽ മിയാൻ മൽഹാറിന്റെ അലിയിക്കുന്ന ഭാവം. ഗോവർദ്ധനഗിരി കുടയായ് ചൂടിയ ആ കാലിപ്പയ്യന്റെ മനം കവർന്ന ഭക്തമീരയുടെ ശബ്ദം ഈ നാട്ടിലെ വായുവിലും ആകാശത്തിലും ഒക്കെ കലർന്നു കിടപ്പുണ്ടാവും. കൈയെത്തിച്ച് മൊബൈൽ ഫോണെടുത്തു. സമയം നാലുമണി കഴിഞ്ഞതേയുള്ളൂ. ഇപ്പൊ, ഇവിടെ ഉദയ്പൂരിന്റെ വായുവിലും ആകാശത്തിലും വെച്ച്, ആ ഭജൻ ഒന്നു കേൾക്കണം, ഏട്ടനെ ഉണർത്തണ്ട. ഇയർ ഫോൺകുത്തി. പാട്ട് സെർച്ച് ചെയ്തു കണ്ടെത്തി. കണ്ണടച്ചു കിടന്ന് കേട്ടു...അതിലലിഞ്ഞു. ആഹാ! ഇന്നത്തെ ദിവസം സാർത്ഥകമായി! തലയിൽ മീരാഭജന്റെ ലഹരിയുമായി പതിയെ എണീറ്റ് പ്രഭാതകൃത്യങ്ങളിലേക്കു തിരിഞ്ഞു.

04-04-22ന് എല്ലാവരുടെയും പ്രാതൽ കഴിഞ്ഞ് ഒമ്പതു മണിയോടെ ഹോട്ടലിൽ നിന്നു ചെക്കൌട്ട് ചെയ്ത് മൗണ്ട് ആബുവിലേയ്ക്കുള്ള യാത്ര തുടങ്ങി. ബസ് നീങ്ങുന്നതിനനുസരിച്ച് മാറിമാറി വരുന്ന ഉദയ്പൂർ നഗരക്കാഴ്ചകൾ ഞങ്ങളെല്ലാവരും ഉത്സാഹത്തോടെ കാണുകയായിരുന്നു. പത്തുനാല്പതുമിനുറ്റിനുള്ളിൽ ഞങ്ങൾ ഉദയ്പൂർ നഗരത്തിൽ നിന്നകന്നു. ഇനി വളവുകളും തിരിവുകളും ഒന്നുമധികമില്ലാത്ത നല്ല റോഡുകളാണ്. ബസ്സിന്റെ വേഗം കൂടി. നല്ല റോഡ്, നല്ല വണ്ടി, വണ്ടി നന്നായി ഓടിക്കാനും, നിയന്ത്രിക്കാനും  ശേഷിയുള്ള ഡ്രൈവർ! യാത്ര സുഖമാവാനിതു മൂന്നും ഒഴിച്ചുകൂടാനാവാത്തതാണ്. ഇവിടെ ഞങ്ങൾക്ക് ഇതു മൂന്നും ലഭിച്ചിരിക്കുന്നു. സുകൃതം! ഡ്രൈവർ കൈലാസ് ചന്ദർ നാഗ്ഡയ്ക്ക് സ്തുതി!

ബസ് അതിവേഗം പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളുടെ യാത്രാ സംഘത്തിന്റെ കേപ്റ്റൻ ദാസേട്ടൻ ബസ്സിലെ മൈക്ക് എടുത്ത്, ഈയാത്രയിൽ സന്ദർശിയ്ക്കേണ്ട സ്ഥലങ്ങൾ നിർണ്ണയിച്ചതും സമയക്രമം ചിട്ടപ്പെടുത്തിയതും, മൊത്തത്തിൽ യാത്ര സംവിധാനം ചെയ്തതും എങ്ങനെയായിരുന്നു

---

എന്നു തുടങ്ങുന്ന കുമ്മിയിലും യാശോദാമ്മയുടെ അതിരില്ലാത്ത മാതൃസ്നേഹം കാണാൻ സാധിച്ചു. വാമനമൂർത്തിയുടെ പാദാരവിന്ദങ്ങളിൽ വീണു നമിച്ചു കൊണ്ടുള്ള മംഗളത്തിലൂടെ കാണികളുടെ നാവിന്മേൽ

'ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേ കൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ' നാമജപത്തോടെ മനസ്സുകൊണ്ട് ഓരോരുത്തരും ഗുരുപവനപുരേശന്റെ പാദങ്ങളിൽ വീണു നമസ്കരിക്കും വിധം ഭക്തിസാന്ദ്രമായിരുന്നു. കൈകൊട്ടിക്കളിയെ കുറിച്ച് ഒട്ടും ആധികാരികമായി പറയാൻ അറിയാത്ത എന്നെ പോലെ വെറുമൊരു ആസ്വാദകക്കു പോലും പറയുവാൻ സാധിക്കും ഈ ഒരു അവതരണം ഗുരുവായൂരപ്പനുള്ള തുളസിമാല പോലെ പവിത്രമായ ഒന്നായിരുന്നു. ഭഗവത് സന്നിധിയിൽ ഭക്തിയോടെ അവതരിപ്പിക്കുന്ന ഏതൊരു കലയെയും നൈവേദ്യമായി സ്വീകരിക്കുന്ന കണ്ണന്റെ സാന്നിധ്യവും അനുഗ്രഹവും വേദിയിൽ നിറഞ്ഞു നിന്നിരുന്നു. അതു നേരിൽ കാണുവാനുള്ള ഭാഗ്യം ഗുരുവായൂരപ്പന്റെ ഒരു എളിയ ഭക്തയായ എനിക്കും സാധിച്ചു. ഗുരുവായൂർ സന്നിധിയിലേതുപോലെ ഇനിയും ഒരുപാട് വേദികൾ എന്റെ ഈ സുഹൃത്തുക്കൾക്കു ലഭിക്കട്ടെ എന്നു ആത്മാർത്ഥമായി ആശംസിക്കുന്നു, ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കുന്നു.

●

എന്നൊക്കെ ചുരുക്കി വിവരിച്ചു. പിന്നെ ചർച്ചകളും അന്താക്ഷരിയും ഒക്കെയായി സമയം അതിവേഗം പറന്നു. അവസാനത്തെ പത്തിരുപത്തഞ്ചു കിലോ മീറ്റർ കുന്നു കയറ്റമായിരുന്നു. ഒരു മണിയോടെ ഞങ്ങൾ രാജസ്ഥാനിലെ ഒരേ ഒരു ഹിൽ സ്റ്റേഷനായ മൗണ്ട് ആബുവിലെത്തി. രാജസ്ഥാൻ എന്ന മരുപ്രദേശത്ത് മലമുകളിൽ നിറഞ്ഞ പച്ചപ്പിൽ മൂടിയ ഒരു തുരുത്ത്. ബസ് കുന്നു കയറുമ്പോൾ മലയിൽ നിന്നൊഴുകി വരുന്ന ചില അരുവികളും കായ്ച്ചു നില്ക്കുന്ന മാവുകളും ഒക്കെ കണ്ടിരുന്നു. ബസ് ഇതുവരെയേ വരൂ. ഇനി മുകളിലേക്ക് ജീപ് യാത്ര വേണം. കാഴ്ചകൾക്ക് ശേഷം മാത്രം ഹോട്ടലിൽ ചേക്കേറിയാൽ മതി എന്ന് ഞങ്ങൾ ബസ്സിൽ വെച്ചേ തീരുമാനിച്ചിരുന്നു. ഞങ്ങൾക്ക് ഇവിടെ ഗോപാൽ എന്നൊരു ഗൈഡിനെയാണ് കിട്ടിയത്. കാഴ്ചയിൽ അദ്ദേഹത്തിന്റെ പ്രായം55 നും 70നും ഇടക്കേതുമാവാം എന്നാണ് തോന്നിയത്. ആംഗലം വഴങ്ങാത്ത ഗൈഡായിരുന്നു ഗോപാൽജി. ഞാൻ ചോദിച്ചപ്പോൾ 'മൈ ഇങ്ക്ലിശ് നോട്ട് ഗുഡ്' എന്ന് ഗോപാൽജി പറഞ്ഞു. ശേഷം സ്വയം ആസ്വദിച്ച് ചിരിച്ചുകൊണ്ട് ഞാനും ചിരിക്കുന്നില്ലേ എന്ന് നോക്കുന്നുണ്ടായിരുന്നു. ഞാനും ചിരിച്ചു! ഉച്ചഭക്ഷണം കഴിഞ്ഞു മതി കാഴ്ചകൾ എന്ന് തീരുമാനിച്ച് ഒരു വെജിറ്റേറിയൻ ഭക്ഷണശാലയിൽ കയറി, ആഹാരം കഴിഞ്ഞിറങ്ങി.

സ്കന്ദപുരാണത്തിൽ പരാമർശിക്കുന്ന അർഭുതാചലമാണത്രെ ആബു പർവ്വതം. മഹാഭാരതത്തിലും അർഭുതാചലത്തെ പരാമർശിക്കുന്നുണ്ട്. (വനപർവ്വം അദ്ധ്യായം 82ൽ പദ്യം 55) ഒരൈതിഹ്യം പറയുന്നത്, വസിഷ്ഠ മഹർഷിയുടെ പശു നന്ദിനി ഇവിടെ ഒരഗാധ ഗർത്തത്തിൽ പതിച്ച് കയറിവരാനാവാതെ കുഴങ്ങിയ കഥയാണ്. എല്ലാ ശ്രമങ്ങളും നിഷ്ഫലമായപ്പോൾ വസിഷ്ഠ മഹർഷി സരസ്വതി നദിയെ സ്മരിച്ചു സഹായത്തിനായ് പ്രാർത്ഥിച്ചു. ഉടൻതന്നെ സരസ്വതീനദി ആ ഗർത്തത്തിൽ വെള്ളം നിറച്ചുകൊടുത്തു. വെള്ളത്തിനൊപ്പം നന്ദിനി പൊങ്ങിപ്പൊങ്ങിവന്ന് കരയ്ക്കു കയറി രക്ഷപ്പെട്ടു. ഇനിയും ഇങ്ങനെയൊരാപത്ത് വരാതിരിയ്ക്കുവാനായി വസിഷ്ഠമുനി പർവ്വതരാജനായ ഹിമവാനോട് ഈ ഗർത്തം നികത്താൻ അപേക്ഷിച്ചു. അപ്പോൾ ഈ ഗർത്തം എങ്ങനെ ഉണ്ടായീ എന്നറിയാൻ പർവ്വതരാജൻ ആഗ്രഹം പ്രകടിപ്പിച്ചു. വസിഷ്ഠൻ അക്കഥ പറഞ്ഞു.

ഗൗതമമുനിയുടെ ശിഷ്യനായ ഉത്തങ്കൻ സതീർത്ഥ്യരെല്ലാം പിരിഞ്ഞുപോയിട്ടും മഹർഷിയുടെ കൂടെ ആശ്രമത്തിൽ ഗുരുസേവയിൽ കാലം കഴിക്കുകയായിരുന്നു. ഒരു നാൾ വനത്തിൽനിന്ന് വിറകു കൊണ്ടുവന്നിടുമ്പോൾ അതിൽ ഒരു നരച്ച മുടികാണുകയും തനിക്ക് വയസ്സായിക്കൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിയുകയും ചെയ്തു. ഗൃഹസ്ഥാശ്രമത്തിലേക്ക് പ്രവേശിക്കാൻ ഗുരുവിന്റെ അനുവാദത്തോടെ പോകാമെന്ന് നിനച്ച് അനുവാദം വാങ്ങി. ഗുരു സന്തോഷപൂർവ്വം അനുവദിച്ചു. എന്തു ഗുരുദക്ഷിണയാണ് താൻ നല്കേണ്ടത് എന്ന ചോദ്യത്തിന് നിന്റെ ഇത്രയും കാലത്തെ സേവനം തന്നെയാണ് ഗുരുദക്ഷിണ എന്ന് ഗുരു പ്രതിവചിച്ചു. ഉത്തങ്കന് തൃപ്തിവന്നില്ല അതുകൊണ്ട് ഗുരുപത്നി അഹല്യയെ സമീപിച്ചു. അഹല്യ ഗുരുദക്ഷിണയായി സൗദാസപത്നിയായ മദയന്തിയുടെ കുണ്ഡലങ്ങൾ കൊണ്ടത്തരുവാൻ ആവശ്യപ്പെട്ടു. മാത്രമല്ല അഞ്ചു ദിവസങ്ങൾക്കകം കൊണ്ടുവന്നില്ലെങ്കിൽ ഞാൻ ശപിക്കും എന്നു കൂടി പറഞ്ഞു. ഇക്ഷ്വാകുവംശ രാജാവായ മിത്രസഹൻ (സൗദാസൻ) വസിഷ്ഠ ശാപത്താൽ നരഭോജി രാക്ഷസനായി കാട്ടിൽ വസിക്കുന്ന കാലം. ഉത്തങ്കൻ സൗദാസനെ സമീപിച്ചു. സൗദാസൻ ഉത്തങ്കനെ പിടിച്ചു തിന്നാനാഞ്ഞു. ഉത്തങ്കൻ ആവശ്യം



ഉന്നയിച്ചു. 'ഗുരുദക്ഷിണ നല്കിക്കഴിഞ്ഞ് ഞാൻ തിരിച്ചുവന്ന് അങ്ങേക്ക് ആഹാരമാകാം' എന്നറിയിച്ചു. സൗദാസൻ കൊട്ടാരത്തിൽ പോയി മദയന്തിയുടെ കൈയിൽ നിന്ന് കുണ്ഡലങ്ങൾ വാങ്ങിക്കൊൾവാൻ അനുവദിച്ചു. മദയന്തി ഉത്തങ്കനോട് അടയാളവാക്യം ചോദിച്ചു. വീണ്ടും പോയി സൗദാസനെക്കണ്ട് അടയാളമായി 'ദൈർവ്വിനാ സുഗതിർനാസ്തി ദുർഗതിം യേ നയാന്തി വൈ' എന്ന പ്രശ്നവാക്യം വാങ്ങി തിരിച്ചു വന്നു. അടയാളവാക്യം കേട്ട മദയന്തി, തക്ഷകൻ ഇതിനായി മോഹിച്ചു നടക്കുന്നുണ്ട്, സൂക്ഷിച്ചു കൊണ്ടു പൊയ്ക്കോളൂ എന്ന് പറഞ്ഞ് കുണ്ഡലങ്ങൾ നല്കി. കുണ്ഡലങ്ങൾ സ്വീകരിച്ച ഉത്തങ്കൻ അടയാളവാക്യത്തിന്റെ ഉത്തരം അറിയാനായി വീണ്ടും സൗദാസനെ സമീപിച്ചു. 'ആരാധിക്കപ്പെടുന്ന ബ്രാഹ്മണർ സുഗതി പ്രദാനം ചെയ്യും, അസന്തുഷ്ടർ ദുർഗതിയും' എന്നു സൗദാസൻ പറഞ്ഞു. വസിഷ്ഠശാപത്താലാണ് താൻ രാക്ഷസനായത് എന്നും ആരെങ്കിലും വന്ന് ഈ ചോദ്യം ചോദിക്കുമ്പോൾ ശാപമുക്തനാകുമെന്നും പറഞ്ഞിരുന്നു. ഇപ്പോൾ ഭവാൻ ഈ ചോദ്യം ചോദിക്കയാൽ ഞാൻ ശാപമുക്തനായിരിക്കുന്നു. അങ്ങേക്ക് പോകാം, എന്നു പറഞ്ഞ് സൗദാസൻ ഉത്തങ്കനെ യാത്രയാക്കി. പോകും വഴിയിൽ വിശന്നപ്പോൾ മാൻതോലിൽ പൊതിഞ്ഞ കുണ്ഡലങ്ങൾ താഴെവെച്ച്, ഉത്തങ്കൻ പഴങ്ങൾ പറിയ്ക്കാനായി ഒരു ഫലവൃക്ഷത്തിൽ കയറി. അന്നേരത്ത്, തക്ഷകൻ വന്ന് കുണ്ഡലങ്ങൾ കവർന്നു കൊണ്ടുപോയി. അത് ഉത്തങ്കൻ കണ്ടു. ശീഘ്രം ഇറങ്ങി പിന്തുടരുമ്പൊഴേക്കും തക്ഷകൻ ഒരു മാളത്തിലേക്ക് കയറി. ഉത്തങ്കൻ അവിടെനിന്ന് പെറുക്കിയെടുത്ത ഒരു മരക്കഷ്ണം ഉപയോഗിച്ച് ആ മാളം വലുതാക്കാൻ തുടങ്ങി. ഇതുകണ്ട ദേവേന്ദ്രൻ അനുതാപം തോന്നി ആ മരക്കഷ്ണത്തിന്റെ അഗ്രത്തിൽ തന്റെ വജ്രായുധം സന്നിവേശിപ്പിച്ചു.

ഉടനെ മാളം വലുതായി വലുതായി പാതാളത്തോളം ചെന്നു. ഉത്തങ്കനും അവിടെയെത്തി. അവിടെ ഒരു കുതിര നിന്നിരുന്നു. കുതിരയെ സ്തുതിച്ചപ്പോൾ തന്റെ ഗുഹ്യ ഭാഗത്ത് സ്പർശിച്ചാൽ കാര്യം നടക്കും എന്നു പറഞ്ഞു. ഉത്തങ്കൻ അനുസരിച്ചു. ഉടനെ കുതിരയുടെ എല്ലാ ദ്വാരങ്ങളിലൂടെയും തീയും പുകയും വമിച്ചു തുടങ്ങി. നാഗങ്ങൾ സംഭീതരായി. ഉടനെ തക്ഷകൻ വന്ന് കുണ്ഡലങ്ങൾ ഉത്തങ്കന് തിരിച്ച് കൊടുത്തു. പക്ഷേ അഞ്ചു ദിവസം എന്ന അവധി കഴിയാറായിരുന്നു. ആ കുതിര ഉത്തങ്കനോട് തന്റെ പുറത്ത് കയറിയാൽ ഉടനെ തന്നെ ഗൗതമാശ്രമത്തിൽ എത്തിക്കാമെന്നു പറഞ്ഞു. അഹല്യ ശപിക്കാനൊരുങ്ങുമ്പഴേക്കും കുതിര ഉത്തങ്കനെ അവിടെ എത്തിച്ചു. ആ കുതിര അഗ്നിദേവനായിരുന്നു! അഹല്യ ഗുരുദക്ഷിണ സ്വീകരിച്ച് ഉത്തങ്കനെ അനുഗ്രഹിച്ച് യാത്രയാക്കി. അന്ന് ഉത്തങ്കൻ ഉണ്ടാക്കിയ ഗർത്തമാണ് ഇത് എന്ന് വസിഷ്ഠൻ കഥ അവസാനിപ്പിച്ചു.

കഥകേട്ട പർവ്വതരാജൻ, ഇന്ദ്രൻ പർവ്വതങ്ങളുടെ ചിറകുകൾ അരിഞ്ഞു കളഞ്ഞതിനാൽ ഇപ്പോൾ പർവ്വതങ്ങൾക്ക് പറക്കാനാവില്ലല്ലോ പിന്നെയെങ്ങിനെയാണ് ഞാൻ സഹായിക്കുക എന്ന നിസ്സഹായാവസ്ഥ അറിയിച്ചു. അപ്പോൾ വസിഷ്ഠമഹർഷി ഹിമവാനോട് പുത്രനായ നന്ദിവർദ്ധനനെ അയച്ചാൽമതി, അതിന് അവന്റെ സുഹൃത്ത് അർഭുതം എന്ന ശ്രേഷ്ഠ നാഗത്തിന്റെ സഹായം ലഭിക്കും എന്നും പറഞ്ഞു (അർഭുതം എന്ന നാഗത്തെപ്പറ്റിയും മഹാഭാരതത്തിൽ പരാമർശമുണ്ട് – സഭാപർവ്വം അദ്ധ്യായം 21 പദ്യം 9). മഹർഷിയുടെ ശാപത്തേക്കാൾ ഭേദം പുത്രദു:ഖമാണ് എന്ന് തീരുമാനിച്ച് ഹിമവാൻ മകനെ വിളിച്ച് വസിസ്ഠ മഹർഷിയുടെ ഇംഗിതം നടത്താൻ ആവശ്യപ്പെട്ടു. അർഭുതനാഗം സഹായിയ്ക്കാം പക്ഷേ പർവ്വതത്തിന് തന്റെ പേരിടണം, അതിലെ അരുവിയ്ക്ക് നാഗതീർത്ഥം എന്നു പറയണം. അതിൽ മുങ്ങിക്കുളിയ്ക്കുന്നവർ സ്വർഗ്ഗം പ്രാപിയ്ക്കണം, സ്ത്രീകൾക്ക് സൽപ്പുത്രന്മാരുണ്ടാവണം എന്നൊക്കെ ആവശ്യപ്പെട്ടു. നന്ദിവർദ്ധനനും വസിഷ്ഠനോട് അവിടെ താമസിക്കണം എന്നൊക്കെ യാചിച്ചു. വസിഷ്ഠൻ അവിടെ ആശ്രമം കെട്ടി താമസിക്കാമെന്ന് സമ്മതിച്ചു. അങ്ങനെ നന്ദിവർദ്ധനൻ എന്ന പർവ്വതരാജകുമാരൻ അനേകം വൃക്ഷലതാദികളോടും, പക്ഷിമൃഗാദികളോടും, അരുവികളോടും കൂടി അർഭുതനാഗത്തിന്റെ പുറത്തേറി വന്ന് ഈ ഗർത്തം നികത്തിയെന്നാണ് കഥ. ആ സ്ഥലം പിന്നീട് അർഭുതാചലം എന്നറിയപ്പെടാൻ തുടങ്ങി. കാലമേറെ ചെന്നപ്പോൾ 'അർഭുത പർവ്വതം' പരിണമിച്ച് ആബു പർവ്വതമായി.

മൗണ്ട് ആബുവിന്റെ ഐതിഹ്യം രസകരമായിത്തോന്നി. ഭാരതത്തിലുടനീളം സ്ഥലങ്ങൾ, നദികൾ, ക്ഷേത്രങ്ങൾ, തടാകങ്ങൾ തുടങ്ങിയവയൊക്കെയുമായി ബന്ധപ്പെട്ട ഇത്തരം ഐതിഹ്യങ്ങളും കഥകളുമുണ്ട്. രാമായണവും മഹാഭാരതവുമൊക്കെ ഈ രാജ്യത്തിലെ എല്ലാവരേയും എല്ലാറ്റിനേയും കോർത്തിണക്കുന്ന ഒരു ചരടായി പശ്ചാത്തലത്തിൽ എപ്പോഴുമുണ്ട് എന്ന് തോന്നുന്നു.

തുടരും...

# ആദരാഞ്ജലി



## രമ പിഷാരസ്യാർ (61)

**പരയ്ക്കാട് പിഷാരം**

**അരിമ്പൂർ, തൃശൂർ**

ജനനം: 01/01/1963 – മരണം: 30/10/2024

| | | |
|---|---|---|
| അച്ഛൻ | : | പരേതനായ നാണു പിഷാരോടി<br>തൃപ്രയാർ പടിഞ്ഞാറെ പിഷാരം |
| അമ്മ | : | പരേതയായ നാനികുട്ടി പിഷാരസ്യാർ<br>പരയ്ക്കാട് പിഷാരം |
| ഭർത്താവ് | : | പെരുവനം തെക്കെ പിഷാരത്ത്<br>മുകുന്ദ പിഷാരടി. |
| മകൾ | : | പരേതയായ മഞ്ജുഷ ടി. പി. |
| സഹോദരങ്ങൾ | : | പി. രാമൻകുട്ടി, പി. രുക്മണി,<br>പി. ശ്രീദേവി,പി. സരസ്വതി |

# സ്മരണാഞ്ജലി

## വേർപാടിന്റെ 7 – ാം വർഷം



**കടുത്തുരുത്തി കൈലാസപുരത്ത്**
**കൊട്ടാരത്തിൽ പിഷാരത്ത്**

## നാരായണപിഷാരോടി

മരണം: 17 – 12 – 2017

| | | |
|---|---|---|
| ഭാര്യ | : | മാങ്ങാനം വള്ളിക്കാവിൽ പിഷാരത്ത്<br>വിജയലക്ഷ്മി പിഷാരസ്യാർ |
| മക്കൾ | : | രാമൻ നാരായണൻ, കൃഷ്ണൻ നാരായണൻ |
| മരുമക്കൾ | : | മൃദുല, രേഷ്മ |
| പേരക്കുട്ടികൾ | : | ഹരിനാരായണൻ കൃഷ്ണൻ,<br>രുദ്ര രാമൻ പിഷാരോടി |

# സ്നേഹ സ്മരണകളോടെ

## പതിനൊന്നാം ചരമവാർഷികം



**കൊച്ചു കുട്ടി പിഷാരസ്യാർ, മേക്കാട് പിഷാരം, അങ്കമാലി.**

മരണം 14-11-2013

W/o. പരേതനായ രാഘവ പിഷാരടി, ചൊവ്വര പിഷാരം

എന്നും നിറഞ്ഞു നിൽക്കുന്ന ഓർമ്മകളുമായി മക്കൾ, മരുമക്കൾ, മറ്റു ബന്ധു മാത്രാദികൾ



# സ്മരണാഞ്ജലി

## 46 –ാം ചരമവാർഷികം (09.12.2024)

# രാഘവപിഷാരോടി വി.പി.

**വടക്കേപ്പാട്ട് പുത്തൻപിഷാരം**

**പുഞ്ചപ്പാടം, കോടർമണ്ണ**

ഭാര്യ: പരേതയായ ചിറ്റാരി പിഷാരത്ത്

സീതാലക്ഷ്മി പിഷാരസ്യാർ (കോഴിക്കോട്)

| മക്കൾ | മരുമക്കൾ | പേരമക്കൾ | പേരമക്കളുടെ മക്കൾ |
|---|---|---|---|
| വേണുഗോപാലൻ | രമാദേവി | ഹരികൃഷ്ണൻ | |
| സുഭദ്ര | സദാനന്ദൻ | മുരളീകൃഷ്ണൻ, ഭാര്യ: ആരതി | അദ്രിക |
| | | ആനന്ദകൃഷ്ണൻ | |
| | | ഗോകുലകൃഷ്ണൻ | |
| ഉമാദേവി | മുരളീകൃഷ്ണൻ | ഉണ്ണികൃഷ്ണൻ | |
| | | വിഷ്ണുപ്രസാദ് | |

സഹോദരീസഹോദരന്മാർ: പരേതനായ ഉണ്ണികൃഷ്ണപിഷാരോടി, ശാരദ പിഷാരസ്യാർ

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | | സ | മാ | | |
| | മശി | | ച | | |
| ബു | ലമാ | ഗ്രഹനില അകത്ത് അംശകം പുറത്ത് | | | |
| ശു | | | | കു | ച |
| | ഗു | രബു | ശു | സ | |
| | | ലഗു | രകു ശി | മ | |

Proposals are invited from parents of Pisharody/ Ambalavasi Boys for a Pisharody girl from Kozhikode, 27 years, height 154, weight 53 kg, Company Secretary and MBL (Masters in Business Law), currently working as Company Secretary in Orocorp Finance Ltd (NBFC) at Chennai. Horoscope matching optional. Partner preference age upto 32 Yrs, qualified and employed outside Kerala / Chennai. Interested parents please contact:

**Mob: 9447142167 / 8848197883**

കൊല്ലവർഷം 1172 വൃശ്ചിക മാസം 11, 1996 നവംബർ 26 മകയിരം നക്ഷത്രം 12.20 നു ജനനം. ശിഷ്ടദശ: 6 വർഷം, 9 മാസം, 25 ദിവസം കുജദശ.

| | | | | | |
|---|---|---|---|---|---|
| | ലഗു | | | | |
| | ലച ഗു | രബുമ | | ശു | |
| സ | | ഗ്രഹനില അകത്ത് അംശകം പുറത്ത് | | സ | ബു |
| | ശി | | | | മശി |
| | | മാ | കു | | |
| | രശു | കു | | ചമാ | |

Proposals are invited from suitable, employed Pisharody boys for a Pisharody girl aged 25 years, (height 159 cms), MSc Microbiology, presently working as a Project Associate in a CSIR Research Institute in Lucknow. Interested parents may please contact on

**Mob: 9335070280/9451720760**

1174 മേടം 29, 1999 മെയ് 12 ബുധനാഴ്ച ഉദയാൽപൂർവ്വം 4 നാഴിക, 25 വിനാഴിക (4 മണി, 22 മി.) ഉത്രട്ടാതി നക്ഷത്രം.

## കാവശ്ശേരി കുട്ടികൃഷ്ണന് പല്ലാവൂർ-തൃപ്പേക്കുളം സമിതിയുടെ ഗുരുദക്ഷിണ



ഇരിങ്ങാലക്കുട പല്ലാവൂർ-തൃപ്പേക്കുളം സമിതിയുടെ ഈ വർഷത്തെ ഗുരുദക്ഷിണ തിമില കലാകാരൻ ശ്രീ കാവശ്ശേരി കുട്ടികൃഷ്ണ പിഷാരോടിക്ക് നൽകുമെന്ന് സംഘാടകർ അറിയിച്ചു.

2024 ഡിസംബർ 3ന് ഇരിഞ്ഞാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിന്റെ കിഴക്കേ ഗോപുര നടയിൽ നടക്കുന്ന ദേശീയ പല്ലാവൂർ താളവാദ്യ മഹോത്സവത്തിന്റെ ഉത്ഘാടന വേദിയിൽ വെച്ച് സമിതിയുടെ ഗുരുദക്ഷിണ അദ്ദേഹത്തിന് നൽകി ആദരിക്കും.

10,000 രൂപയും, ഫലകവും, പൊന്നാടയും അടങ്ങുന്നതാണ് ഗുരുദക്ഷിണ.

കൊടകര ശാഖാ അംഗമായ ശ്രീ കാവശ്ശേരി കുട്ടികൃഷ്ണ പിഷാരോടിക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

കുട്ടിക്കഥ

# ഉണ്ണിയും മുത്തശ്ശിയും



ഡോ. സുജയ

"**ഇ**നീം കഴിഞ്ഞില്ലേ നിങ്ങടെ തല്ലുകൂടല്" ഉമ്മറവരാന്തയിലേയ്ക്കിറങ്ങിക്കൊണ്ട് മുത്തശ്ശി ചോദിച്ചു.

ഉണ്ണി ശാഠ്യം പിടിച്ച് കരഞ്ഞു കൊണ്ടേയിരിയ്ക്കുകയാണ്. അമ്മ നിർത്താതെ ചീത്ത പറയുന്നുമുണ്ട്.

"അമ്മ കണ്ടില്ലേ ഈ ചെക്കന്റെയൊരു കുറുമ്പ്? എത്ര നേരായി ബുദ്ധിമുട്ടിയ്ക്കാൻ തൊടങ്ങീട്ട്" അമ്മ മുത്തശ്ശിയോട് പരാതി പറയാൻ തുടങ്ങി.

"മതി. നീയൊന്നു നിർത്ത്. നീയിങ്ങനെ ചീത്ത പറഞ്ഞാ അവന്റെ വാശി കൂടുംന്നല്ലാതെ യാതോരു വിശേഷോംണ്ടാവാൻ പോണില്ല്യ" മുത്തശ്ശിയുടെ ഉപദേശം അമ്മയ്ക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

"ഉം... ചീത്ത പറയല്ല. രണ്ടങ്ങട് പൊട്ടിച്ചു കൊടുക്വാ വേണ്ടത്. കുട്ട്യോളായാ ഇത്ര വാശി നന്നല്ല" അമ്മയുടെ ദേഷ്യം കൂടുന്നത് കണ്ടപ്പോൾ ഉണ്ണി ചുണ്ടും പിളുത്തി ഉറക്കെ കരയാൻ തുടങ്ങി.

"പിന്നേ, അത്ര പറയാനോന്നൂല്യ. നാല് വയസ്സ് കഴിഞ്ഞല്ലേ ഉള്ളൂ അവന്. നെനക്ക് ഈ പ്രായത്തില് ഇതിനേക്കാ വാശിണ്ടായിരുന്നു. അത് നിയ്ക്കല്ലേ അറിയൂ." മുത്തശ്ശി അമ്മയെ ഏറെ പറയാൻ സമ്മതിച്ചില്ല.

"അസ്സലായി. ഇനി ഇതും കൂട്യേ പറഞ്ഞ് കേപ്പിയ്ക്കണ്ടൂ. അല്ലെങ്കിത്തന്നെ അവനൊന്നും പറഞ്ഞാ കേക്കില്യ. അമ്മ്യാ അവനെ ങ്ങന്യാക്കണ്." അമ്മയൊന്നു പരുങ്ങി.

മുത്തശ്ശിയ്ക്ക് മകളുടെ ആ സംസാരം അത്ര പിടിച്ചില്ല.

"അതേ. കൊല്ലത്തില് ഒന്നോ രണ്ടോ പ്രാവശ്യം കാണണ ഞാനാ അവനെ വാശിക്കാരനാക്യേത്. കുട്ട്യോൾടെ അടുത്തേയ്, ത്തിരി ക്ഷമ കാണിയ്ക്കണ്ട്യേരും. അതിനെങ്ങന്യാ. അത് നെനക്ക് പണ്ടേ ഇല്ല്യലോ."

"ന്നാ അമ്മയൊന്നു നിർത്തിത്തരൂ അവന്റെ ഈ ദുശ്ശാഠ്യം. ഞാനൊന്ന് കാണട്ടെ. അവന് ഇപ്പൊ അമ്പിളി അമ്മാമനേം നക്ഷത്രങ്ങളേം വേണം ന്നാ പറയണ്. അടുത്ത് കാണണം, തൊട്ടു നോക്കണം... എന്തൊക്ക്യാ ആവശ്യങ്ങള്! അമ്മ അവന് ഓരോ കഥ പറഞ്ഞു കൊടുത്തിട്ടല്ലേ. അവട്യാവുമ്പോ അവന് ഈ വാശിയൊന്നൂല്യലോ. ടീവീലോ ലാപ് ടോപ്പിലോ കാർട്ടൂൺ ഫിലിം വെച്ചു കൊടുത്താ എത്ര നേരം വേണെങ്കിലും മിണ്ടാണ്ടിരുന്നോളും". മുത്തശ്ശിയുടെ കുറ്റപ്പെടുത്തൽ അമ്മയ്ക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

"ആ ... ആ ജാതി ഓരോന്ന് കാണിച്ചു കൊടുത്തിട്ടന്യാ അവനിങ്ങന്യായത്. നീയ് നെന്റെ പണി എളുപ്പാക്കാൻ ഓരോന്നങ്ങ്ടു കാട്ടും. ന്നിട്ട് കുട്ടിയ്ക്കാ കുറ്റം. നീയാ മാനത്തേയ്ക്കൊന്നു നോക്ക്. ഇന്നേയ് വെളുത്തവാവാ. കുട്ടി എന്ത് കണ്ടിട്ടാ വാശി പിടിയ്ക്കണ്ന്നൊന്നും നീയ് ശ്രദ്ധിച്ചിട്ടില്യലോ". മുത്തശ്ശി ആകാശത്തേയ്ക്ക് വിസ്തരിച്ചൊന്നു നോക്കി.

പൂർണ്ണചന്ദ്രനും, നക്ഷത്രങ്ങളും, നിലാവുമൊക്കെ കണ്ടപ്പോൾ അമ്മയ്ക്കും നോക്കി നിൽക്കാൻ തോന്നി. പക്ഷേ അബദ്ധം സമ്മതിച്ചു കൊടുക്കാൻ അമ്മ തയ്യാറായില്ല. "പിന്നേ, മണി പത്തായി. ഇപ്പഴല്ലേ മാനത്തേയ്ക്കും നോക്കി നിക്ക്വാ. ചെക്കനിന്നൊറങ്ങണ ലക്ഷണൊന്നൂല്യ. അല്ലാ, അമ്മെന്താ ഈ കാണിയ്ക്കണ്. എങ്ങട്ടാ ഈ വല്യേ ഉരുളീം താങ്ങിപ്പിടിച്ചോണ്ട്? വയസ്സായീന്നുള്ള വിചാരോന്നൂല്യാല്ലേ. നടു വെലങ്ങും".

"പിന്നേ. എനിയ്ക്കേയ്, നെന്നേക്കാ ആരോഗ്യം ണ്ട്. നെനക്കൊറക്കം വരണണ്ട്ച്ചാ നീയങ്ങ്ട് പൊയ്ക്കോ. ഇനി അവനെ കരയിയ്ക്കാൻ ഇവടെ നിക്കണ്ട".

"ഓ! എന്താച്ചാ ആയ്ക്കോളൂ. മുത്തശ്ശീം പേരക്കുട്ടീം കൂടി. ഞാൻ പോവ്വാ" - അമ്മ അകത്തേയ്ക്ക് കയറി പോയപ്പോൾ ഉണ്ണിയ്ക്ക് സമാധാനമായി. അമ്മയ്ക്ക് മുത്തശ്ശിടേന്നു ചീത്ത കേട്ടൂലോ. അങ്ങനെത്തന്നെ വേണം. മുത്തശ്ശ്യല്ലേ അമ്മേക്കാ വലുത്. അപ്പൊ മുത്തശ്ശി പറയണത് അമ്മ അനുസരിയ്ക്കണം. അമ്മ മുത്തശ്ശി പറഞ്ഞത് കേട്ടില്ല്യാച്ചാ ഉണ്ണി അമ്മ പറയണതൊന്നും കേ

# ശാഖാവാർത്തകൾ

## വടക്കാഞ്ചേരി

ശാഖയുടെ നവംബർ മാസ യോഗം 10-11-2024ന് ഉച്ചയ്ക്ക് ആറ്റൂർ പള്ളിയാലിൽ പിഷാരത്ത് വെച്ച് രക്ഷാധികാരി ശ്രീ. എ.പി. രാജന്റെ അദ്ധ്യക്ഷതയിൽ കൂടി. ജ്യോതിപ്രഭ ഭദ്രദീപം കൊളുത്തി. കെ.പി. പീതാംബരൻ വന്നവർക്ക് എല്ലാം സ്വാഗതം ആശംസിച്ചു. എ.പി. ഗീത പ്രാർത്ഥന ചൊല്ലി. ശാഖയുടെ മുൻകാല പ്രസിഡണ്ടും രക്ഷാധികാരിയുമായിരുന്ന ടി.പി. ശേഖര പിഷാരോടിക്കും ശാഖാംഗമായ ശ്രീദേവി പിഷാരസ്യാർക്കും പഴയന്നൂർ ശ്രീ. ടി.ആർ ഹരിചന്ദ്രൻ പിഷാരോടിക്കും മറ്റ് സമുദായ അംഗങ്ങൾക്കും അനുശോചനം രേഖപ്പെടുത്തി. അദ്ധ്യക്ഷപ്രസംഗത്തിൽ ശാഖയുടെ വാർഷികങ്ങളെ കുറിച്ചും രണ്ടു മണിക്ക് നടത്തിയ യോഗത്തെക്കുറിച്ചും ശാഖകളുടെ ഇടയിൽ നല്ല അഭിപ്രായം ആയിരുന്നെന്ന് പറഞ്ഞു. അംഗങ്ങൾ അവതരിപ്പിച്ച മത്സരങ്ങളെ കുറിച്ചും പ്രത്യേകിച്ച് മാലകെട്ട് മത്സരവും, ക്വിസ് മത്സരവും, ശ്രീ മുരളിയും മകൾ ഹരിപ്രിയയും ചേർന്ന് അവതരിപ്പിച്ച ഓട്ടൻതുള്ളൽ ഡമസ്ട്രേഷനും നല്ല നിലവാരം പുലർത്തി എന്നഭിപ്രായപ്പെട്ടു. മേലിലും ഇത്തരം പരിപാടികൾ നടത്തുവാൻ ശാഖ തയ്യാറാകണമെന്നും പറഞ്ഞു.

ശാഖയുടെ മുൻ പ്രസിഡണ്ടും രക്ഷാധികാരിയുമായിരുന്ന ശേഖര പിഷാരടിയുടെ അനുസ്മരണത്തിൽ വടക്കാഞ്ചേരി ശാഖയുടെ രൂപീകരണം മുതൽ തുടർച്ചയായി 20 വർഷത്തോളം പ്രസിഡണ്ട് ആയും തുടർന്ന് ഇതുവരെ രക്ഷാധികാരിയായും നിഷ്കാമമായി പ്രവർത്തിച്ച ശേഖര പിഷാരടിയുടെ നിര്യാണത്തിൽ ശാഖയുടെ അതിയായ ദുഃഖം രേഖപ്പെടുത്തുകയും നിത്യശാന്തി നേരുകയും ചെയ്തു. ശ്രീ. വി.പി. ജയൻപിഷാരോടിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ 2024 നവംബർ മാസ കുടുംബ യോഗം 14-11-2024നു 4pm നു മാപ്രാണം പുത്തൻ പിഷാരത്ത് മുകുന്ദന്റെ വസതിയിൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി പ്രമീളാ മുകുന്ദൻ ഈശ്വര പ്രാർത്ഥന ചൊല്ലി. കുടുംബനാഥൻ പി മുകുന്ദൻ ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്ക് മൗനപ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ കഴിഞ്ഞ മാസക്കാലയളവിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും അഭിനന്ദനങ്ങൾ അറിയിച്ചു. സെക്രട്ടറി സി.ജി. മോഹനൻ കഴിഞ്ഞ മാസ യോഗത്തിന്റെ മിനിട്ട്സ് വായിച്ചത് യോഗം പാസ്സാക്കി. ട്രഷറർ കെ.പി. മോഹൻദാസ് അവതരിപ്പിച്ച വരവ്, ചിലവ് കണക്കുളും യോഗം പാസ്സാക്കി. തുടർചർച്ചയിൽ ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ Maintenance work കൂടുതൽ കാര്യക്ഷമമായി നടത്തിയാൽ ഗസ്റ്റ് ഹൗസിൽ താമസിക്കുവാൻ വരുന്നവർക്ക് അത് ഗുണകരമാകുമെന്ന് അംഗങ്ങൾ അ

---

ക്കില്യ - ഉണ്ണി തീരുമാനിച്ചു.

മുത്തശ്ശി എന്തിനാ ഉരുളി മുറ്റത്തു വെച്ച്? കെണറ്റിന്നു വെള്ളം കോരി ഉരുളീല് നെറയ്ക്കണുണ്ടലോ. എന്തെങ്കിലും ണ്ടാക്കാൻ പൂവാണോ? അമ്മ രാത്രി അടുക്കളേല് ഒരു പണീം ചെയ്യാറില്യലോ? ഉണ്ണി മുത്തശ്ശിയുടെ മുണ്ടിന്റെ അറ്റം പിടിച്ചു കൊണ്ട് കൂടെ നിന്നു. വെള്ളം നിറച്ചു കഴിഞ്ഞപ്പോൾ മുത്തശ്ശി ഉരുളിയുടെ അടുത്തുള്ള കല്ലിൽ ഇരുന്നു. ഉണ്ണിയെ വിളിച്ചു മടിയിൽ ഇരുത്തി.

"ഇനി മുത്തശ്ശിടെ കുട്ടി ഉരുളീലിയ്ക്ക് നോക്ക്'. മുത്തശ്ശി വേഷ്ടിയുടെ അറ്റം കൊണ്ട് അവന്റെ മുഖം തുടച്ചുകൊണ്ട് പറഞ്ഞു.

ഉണ്ണി നോക്കിയപ്പോൾ ഉരുളിയിൽ ചിരിച്ചു കൊണ്ട് നിൽക്കുന്നു അമ്പിളി അമ്മാമൻ! നിറയെ നക്ഷത്രങ്ങൾ!

ഹായ്! എന്ത് രസാ കാണാൻ. ആകാശത്ത് കാണണ മാതിരി ദൂരെയല്ല. എത്ര അടുത്താ. തൊടാൻ നോക്കിയപ്പോ സമ്മതിയ്ക്ക്ണില്യ. നീങ്ങിപ്പോവാണ്. അത് സാരല്യ. തൊട്ടും പിടിച്ചും കളിയ്ക്കുമ്പോ ഉണ്ണീം തൊടാൻ സമ്മതിയ്ക്കാറില്യലോ.

ഉണ്ണിയ്ക്ക് സന്തോഷമായി. അവൻ മുത്തശ്ശിയെ കെട്ടിപ്പിടിച്ചുകൊണ്ട് ചിരിച്ചു. മുത്തശ്ശിയും ചിരിച്ചു. അകത്തെ ജനലിൽക്കൂടി നോക്കിക്കൊണ്ടു നിന്ന അമ്മയും ചിരിച്ചു. ●

ഭിപ്രായപ്പെട്ടു.

ഏകദിന ഉല്ലാസയാത്ര സംഘടിപ്പിക്കുവാൻ വേണ്ട നടപടികൾ ചെയ്യുവാൻ യോഗം സെക്രട്ടറിയെയും, ട്രഷററെയും ചുമതലപ്പെടുത്തി. 2025 ലെ കേന്ദ്ര വാർഷികം സമാജത്തിന്റെ മറ്റ് ശാഖകൾ സന്നദ്ധത അറിയിച്ചിട്ടില്ലെങ്കിൽ ഇരിങ്ങാലക്കുട ശാഖ നടത്തുവാൻ തയ്യാറാണ് എന്ന വിവരം കേന്ദ്ര ജനറൽ സെക്രട്ടറിയേയും, കേന്ദ്ര പ്രസിഡണ്ടിനെയും അറിയിക്കുവാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കുടുംബനാഥൻ പി. മുകുന്ദനും, ശ്രീമതി പ്രമീളാ മുകുന്ദനും, പങ്കെടുത്ത എല്ലാവർക്കും ശ്രീ. മുരളി പിഷാരോടി നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 5 മണിക്ക് പര്യവസാനിച്ചു.

### കൊടകര

ശാഖയുടെ നവംബർ മാസ യോഗം 17-11-2024 നു 3 pm നു അറക്കൽ പിഷാരത്ത് ഭരത പിഷാരോടിയുടെ അഷ്ടമിച്ചിറയിലെ ഭവനം, ഐശ്വര്യലക്ഷ്മിയിൽ വെച്ച് ചേർന്നു. ഡോ. എം.പി. രാജൻ അദ്ധ്യക്ഷത വഹിച്ചു. സാരംഗി രാമചന്ദ്രൻ, ശ്രീഭദ്ര വിനോദ് എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. കൊടകര ശാഖാംഗമായ വാസുപുരത്ത് പിഷാരത്ത് ഗോപാല പിഷാരോടിയുടെയും വിവിധ സമാജം അംഗങ്ങളുടേയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

ഗൃഹനാഥൻ ശ്രീ. എ.പി. ഭരതൻ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ ഡോ. എം.പി. രാജൻ പ്രവർത്തന പുരോഗതി വിലയിരുത്തി സംസാരിച്ചു. ഗൃഹനാഥ പത്മാവതി ഭരതന്റെ സഹോദരി ശ്രീദേവി പിഷാരസ്യാരെ ആദരിച്ചു. അദ്ധ്യാപകരുടെ ശാസ്ത്രമേളയിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ എ ഗ്രേഡും നേടിയ കാരൂർ പിഷാരത്ത് ശ്രീകുമാർ മാഷിനെ അഭിനന്ദിച്ചു. സബ് ജില്ലാ കലോത്സവങ്ങളിലും മറ്റു മത്സരങ്ങളിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളായ സഞ്ജന സുനിൽ, സമീര സുനിൽ, കൃഷ്ണ പി.ആർ, സാരംഗി രാമചന്ദ്രൻ എന്നിവരെയും അബാക്കസ് പരീക്ഷയിൽ ജില്ലാതലത്തിൽ ഒന്നാം റാങ്ക് നേടി സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടിയ വൈശാഖ് കൃഷ്ണനെയും അഭിനന്ദിച്ചു. സെക്രട്ടറി രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച ഒക്ടോബർ മാസ റിപ്പോർട്ടും ട്രഷറർ എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും അംഗീകരിച്ചു. വിവിധ വിഷയങ്ങളിലെ ചർച്ചകളിൽ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുത്തു. എല്ലാ കൊല്ലവും നടത്താറുള്ള വിനോദയാത്ര-തീർത്ഥയാത്ര ജനുവരി രണ്ടാം ശനിയാഴ്ച വിനോദയാത്രയായി പോകാമെന്ന് തീരുമാനിച്ചു. കേന്ദ്ര തീരുമാനങ്ങൾ ട്രഷറർ യോഗത്തെ അറിയിക്കുകയും അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പങ്കുവെക്കുകയും ചെയ്തു. ഒരോ ശാഖക്കും പ്രത്യേകം പാൻ കാർഡ് ലഭ്യമാക്കുന്നതിലെ സാധ്യതയും സംഗത്യവും പരിശോധിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. സാരംഗി രാമചന്ദ്രൻ അവതരിപ്പിച്ച ദേശഭക്തി ഗാനവും, ശ്രീഭദ്ര വിനോദിന്റെ കടങ്കഥ മത്സരവും, നൃത്തവും സദസ്സ് സന്തോഷത്തോടെ സ്വീകരിച്ചു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുടുംബത്തിന് വീട് വെക്കാനായി സമാജത്തിൽ നിന്നും കഴിയാവുന്ന സാമ്പത്തിക സഹായം ലഭിക്കാനായുള്ള അപേക്ഷ യോഗം പരിഗണിച്ചു. കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്തു.

ശ്രീകല രാമചന്ദ്രൻ നന്ദി പറയുകയും യോഗം നടത്താൻ സൗകര്യമൊരുക്കി തന്ന ഭരത പിഷാരോടിക്കും കുടുംബത്തിനും നന്ദി അറിയിക്കുകയും ചെയ്തു. ഫോട്ടോ സെഷന് ശേഷം കൃത്യം 4.45 pm ന് യോഗം അവസാനിച്ചു.

### തൃശൂർ

ശാഖയുടെ നവംബർ മാസ യോഗം 17-11-2024നു ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാറിന്റെ കാനാട്ടുകരയിലെ പിഷാരം വസതിയിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കുമാരിമാർ ഐശ്വര്യ, സാന്ദ്ര എന്നിവരുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീ. ജി.പി. നാരായണൻകുട്ടി, ശ്രീമതിമാർ ഉഷ ചന്ദ്രൻ, എ.പി. സരസ്വതി എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം ആറാം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ഗൃഹനാഥ ശ്രീമതി ജയ ഗോപകുമാർ ഏവർക്കും സ്വാഗതമാശംസിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ നിര്യാതരായ തൃക്കോവിൽ പിഷാരത്ത് ശേഖര പിഷാരോടി, പരയ്ക്കാട് പിഷാരത്ത് രമാദേവി അടക്കം എല്ലാവരുടെയും ആത്മശാന്തിക്കായി മൗന പ്രാർത്ഥന നടത്തി. അനുശോചന ഭാഷണത്തിൽ പരേതനായ ശേഖര പിഷാരോടി സമാജത്തിനും ഗസ്റ്റ് ഹൗസിനും വേണ്ടി ചെയ്ത അമൂല്യമായ സേവനങ്ങളെ കുറിച്ച് ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി ഓർമ്മിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃ

ഷ്ണൻ ജ്യോതിർഗമയ എന്ന പ്രോഗ്രാം ഇപ്രാവശ്യം തൃശൂർ ശാഖയാണ് നടത്തേണ്ടത് എന്നറിയിച്ചു. തുളസീദളം കലാ സാംസ്കാരിക സമിതിക്ക് കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം ലഭിച്ചു. കഴകക്കാരെ ആദരിക്കുന്നതിന്റെ ഭാഗമായി ശാഖയിൽ കഴക പ്രവർത്തി നടത്തി വരുന്നവരുടെ ലിസ്റ്റ് പ്രസിഡണ്ട് വായിച്ചു. 1975ൽ കൊടകരയിൽ നിന്നും ആരംഭിച്ച പിഷാരോടി സമാജത്തിന്റെ ചരിത്രം ദൃക്സാക്ഷി എന്ന നിലയിൽ ശ്രീ. ജി.പി. നാരായണൻകുട്ടി ചുരുക്കത്തിൽ വിശദീകരിച്ചു.

ജ്യോതിർഗമയ തൃശ്ശൂരിൽ വെച്ച് നടത്തേണ്ടതിനെ കുറിച്ച് വൈസ് പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി വിശദീകരിച്ചു. അഞ്ചു വർഷത്തോളമായി ലഭിക്കാൻ നമ്മൾ പരിശ്രമിച്ചു കൊണ്ടിരുന്ന കേരള സംഗീത നാടക അക്കാദമി അംഗീകാരം തുളസീദളം കലാ സാംസ്ക്കാരിക സമിതി എന്ന സ്വതന്ത്ര കലാസംഘടനക്ക് ലഭിച്ചു. യുവജനങ്ങളുടെ കലാപരമായ കഴിവുകളെ സർക്കാരിന്റെ അറിവോടെ കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക തുടങ്ങിയ വലിയ പദ്ധതിയാണ് സമിതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ അംഗീകാരത്തിനും നമുക്ക് സമീപ ഭാവിയിൽ തന്നെ ശ്രമിക്കേണ്ടതുണ്ട്. വല്ലച്ചിറ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ മന്ദഗതിയിലാണ്. ചില സാങ്കേതിക പ്രശ്നങ്ങൾ ആണ് പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്നത്. അധികം താമസിയാതെ പരിഹാരം കാണേണ്ടതുണ്ട്. തുളസീദളം കലാ സാംസ്കാരിക സമിതി എന്ന സ്വതന്ത്ര സംഘടനയിലൂടെ, അന്തരിച്ച പ്രതിഭ, ബാബു നാരായണന്റെ പേരിൽ നമ്മുടെ ഇടയിൽ ഉള്ള പ്രഗത്ഭരായ കലാകാരന്മാരെയും കലാകാരികളെയും ആദരിക്കുക എന്ന ലക്ഷ്യത്തോടെ ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്താൻ ബാബു നാരായണന്റെ കുടുംബം മുമ്പോട്ട് വന്നിട്ടുണ്ട്. പഴുവിൽ പിഷാരത്ത് നിന്നുള്ള ശ്രീ. രാജന്റെ വളരെ പ്രധാനപ്പെട്ട നിർദ്ദേശം കണക്കിലെടുത്ത് തൃശൂർ ശാഖയിൽ കഴക പ്രവർത്തി മാത്രം ചെയ്ത് ഉപജീവനം നടത്തുന്നവരെ എത്രയും പെട്ടെന്ന് തന്നെ ആദരിക്കാൻ ഇന്ന് തീരുമാനമെടുക്കേണ്ടതുണ്ടെന്നും ശ്രീ. രാമചന്ദ്ര പിഷാരോടി സൂചിപ്പിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ ഗുരുവായൂർ ഗസ്റ്റ് ഹൌസ് പ്രവർത്തനങ്ങൾ വളരെ ഗംഭീരമായി തന്നെ മുന്നോട്ട് പോകുന്നുണ്ട് എന്ന് യോഗത്തെ അറിയിച്ചു. ജ്യോതിർഗമയ പ്രോഗ്രാമിന് കുട്ടികൾക്ക് പ്രാധാന്യം കൊടുക്കണം, വല്ലച്ചിറ ട്രസ്റ്റ് വിഷയത്തിൽ അനുയോജ്യമായ തീരുമാനം എടുക്കേണ്ടത് ആവശ്യമാണ്. തുളസീദളം സാഹിത്യ പുരസ്ക്കാര വിതരണ പ്രോഗ്രാം വളരെ ശ്രദ്ധേയമായി എന്നത് അഭിമാനമുണ്ടാക്കുന്നു എന്നും അറിയിച്ചു.

ശാഖയുടെ ഓണാഘോഷം ഇക്കുറി വളരെ മനോഹരമായി എന്നുള്ളത് നമുക്ക് മുമ്പിലുള്ള സന്തോഷഭരിതമായ അനുഭവമാണെന്നും അതിന്റെ പ്രധാന കാരണം എല്ലാ ചുമതലകളും കുട്ടികൾക്ക് കൊടുത്ത് അവരുടെ ആശയങ്ങൾക്കും കാഴ്ച്ചപ്പാടുകൾക്കും അനുസൃതമായി അവർ തന്നെ നടത്തിയത് കൊണ്ടാണെന്നും ശ്രീ. കെ.പി. ഹരികൃഷ്ണൻ അഭിപ്രായപ്പെട്ടു. ശാഖയുടെ നേതൃത്വത്തിൽ തന്നെ ഇതിന്റെ തുടർച്ചകൾ ഉണ്ടാവണം. തുളസീദളം കലാ സാംസ്കാരിക സംഘടനയുടെ പ്രവർത്തനം വളരെ വിപുലമായി അംഗങ്ങളെ ചേർത്ത് കൊണ്ടും പ്രശസ്തരായ വ്യക്തികളെ രക്ഷാധികാരികൾ ആക്കിയും വികസിപ്പിക്കേണ്ടതുണ്ട്. തൃശൂർ ശാഖയിലെ കഴകക്കാരെ ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ അത് വളരെ ഉപകാരപ്രദമാണ് എന്നും ശ്രീ. ഹരികൃഷ്ണൻ പറ


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

ഞ്ഞു. കഴകക്കാരുടെ ഒരു സഹകരണ സംഘം ആലോചിക്കാവുന്നതാത്താണ്. വിവാഹത്തിന് ശേഷം 50 വർഷത്തിന് മേൽ ഉള്ള ദമ്പതികളെ ആദരിക്കുക എന്ന ആശയവും സാക്ഷാത്കരിക്കണം.

ശാഖാ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ശ്രീ. രാജനും (പഴുവിൽ) നിർദ്ദേശങ്ങൾ വെച്ചു.

യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ:

ജ്യോതിർഗമയ തൃശൂർ ശാഖയുടെ നേതൃത്വത്തിൽ സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് നടത്താൻ തീരുമാനിച്ചു. തീയതി പിന്നീട് പ്രഖ്യാപിക്കുന്നതാണ്.

തുളസീദളം കലാ സാംസ്കാരിക സമിതി എന്ന സ്വതന്ത്ര സംഘടനയിലൂടെ, അന്തരിച്ച ബാബു നാരായണന്റെ പേരിൽ ഒരു എൻഡോവ് ഏർപ്പെടുത്താൻ തീരുമാനമായി.

ശാഖയിലെ കഴക പ്രവർത്തി ജീവനക്കാരെ ആദരിക്കാൻ തീരുമാനിച്ചു.

ശ്രീ. കെ.പി. ഹരികൃഷ്ണന്റെ നന്ദിയോടെ യോഗം 5.30 ന് അവസാനിച്ചു.

ഡിസംബർ മാസത്തെ യോഗം 15/12/24നു 4pm ന് വെളപ്പായ ശിവക്ഷേത്രത്തിനു സമീപം കാരമുക്കിൽ പിഷാരത്ത് പി.ആർ. പത്മിനിയുടെ ഭവനം 'പ്രശാന്തി'യിൽ വെച്ച് ചേരുന്നതാണ്. ഫോൺ: 9048546785.

## മുംബൈ

ശാഖയുടെ 446-ാമത് ഭരണസമിതിയോഗം വീഡിയോ കോൺഫറൻസിലൂടെ 23-11-2024നു 10:30 am നു പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. വിജയന്റെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗം അന്തരിച്ച സമുദായാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി അവതരിപ്പിച്ച മുൻ യോഗ മിനുട്ട്സ്, ഖജാൻജി അവതരിപ്പിച്ച കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു. മുൻ വർഷത്തെ വരുമാന നികുതി റിട്ടേൺ ഒക്ടോബറിൽ തന്നെ ഫയൽ ചെയ്തെന്നും ഇതിനകം തന്നെ നികുതി വകുപ്പിൽ നിന്നും റീഫണ്ട് ലഭിച്ചുവെന്നും ഖജാൻജി അറിയിച്ചു.

കലാവിഭാഗം മെമ്പർ ശ്രീ. രവി പിഷാരോടി വാർഷികത്തിന്റെ ഒരുക്കങ്ങളെപ്പറ്റി വിശദീകരിച്ചു. രാവിലെ 9 മുതൽ വൈകീട്ട് 5 മണി വരെ നീളുന്ന സമയക്രമമാണ് ഉള്ളതെന്നും ഇപ്രാവശ്യം ക്ഷേത്ര കലയിൽ നാം പരിചയപ്പെടുത്തുന്നത് ശീതങ്കൻ തുള്ളലാണെന്നും അറിയിച്ചു. മറ്റു വേണ്ട മുന്നൊരുക്കങ്ങൾ നടത്തി വരുന്നുവെന്നും അറിയിച്ചു. ഗുരുവായൂരിൽ വളരെ നല്ല രീതിയിൽ കൈകൊട്ടിക്കളി അവതരിപ്പിച്ച വനിതാ വിഭാഗത്തെ യോഗം അഭിനന്ദിച്ചു.

വിദ്യാഭ്യാസ അവാർഡുകൾക്ക് ലഭിച്ച അപേക്ഷകൾ യോഗം പരിശോധിച്ച് അവാർഡുകൾ ഡിസംബർ 8 നു നടക്കുന്ന വാർഷികാഘോഷ വേളയിൽ നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന് സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

## പാലക്കാട്

ശാഖയുടെ നവംബർ മാസ യോഗം 24-11-2024ന് ശ്രീ. എം.പി. രാമചന്ദ്രന്റെ ഭവനം, സാകേതം, കല്ലേക്കുളങ്ങരയിൽ വച്ച് നടന്നു. ശ്രീ. എം.പി. രാമചന്ദ്രന്റെ ഈശ്വരപ്രാർത്ഥനക്ക് ശേഷം അദ്ദേഹം യോഗത്തിൽ സന്നിഹിതരായ ഏവരെയും സ്വാഗതം ചെയ്തു. തുടർന്ന് ഗൃഹനാഥ ശ്രീമതി പ്രസന്ന യു. പുരാണ പാരായണം നടത്തി. ഈയിടെ അന്തരിച്ച സമുദായാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷപ്രസംഗത്തിൽ ഏവരെയും സ്വാഗതം ചെയ്തു, ശാഖയുടെ വാർഷികം ക്ഷേമനിധി പുനരാരംഭം എന്നിവ ചർച്ചയുടെ മുഖ്യ വിഷയമാണെന്നറിയിച്ചു. സെക്രട്ടറി അവതരിപ്പിച്ച ഈ വർഷത്തെ വാർഷികം ജനുവരി 2025ൽ നടത്താമെന്ന ആശയം ഏവരും അംഗീകരിച്ച് ജനുവരി 12ന് വാർഷികം നടത്താമെന്നും, വേണ്ടുന്ന ഒരുക്കങ്ങൾ ഉടനെ ആരംഭിക്കണമെന്നും തീരുമാനിച്ചു. ക്ഷേമനിധി ഡിസംബറിൽ ആരംഭിക്കാം എന്ന് തീരുമാനിച്ചു. വാർഷികത്തിന്റെ നടത്തിപ്പിനെ കുറിച്ച് വിശദമായി ചർച്ച നടത്തി. വിദ്യാഭ്യാസ അവാർഡ് ജേതാക്കളായ കുട്ടികളെ പ്രത്യേകം അനുമോദിക്കണമെന്ന തീരുമാനവും എടുത്തു. ശാഖയിലെ ഒരംഗത്തിന് കഴിയുന്ന ധനസഹായം എത്തിച്ചുകൊടുക്കാൻ പരിശ്രമിക്കണമെന്നും തീരുമാനിച്ചു. കോട്ടായി ഭാഗത്ത് നിന്നും വരിസംഖ്യകൾ പിരിച്ചു കിട്ടിയാൽ കേന്ദ്രവരിസംഖ്യകൾ ഡിസംബർ 31ന് മുമ്പ് അയക്കാമെന്ന സെക്രട്ടറിയുടെ അഭിപ്രായത്തിന് യോഗം സമ്മതമറിയിച്ചു. ശ്രീ. കെ.ആർ. രാമഭദ്രൻ പൂജാവിധികളെ കുറി

ച്ച് സംക്ഷിപ്തമായി പറഞ്ഞു. ശ്രീ. എ. രാമചന്ദ്രൻ സമകാലീന സംഭവവികാസങ്ങളെ കുറിച്ച് ഒരു വിവരണം നടത്തി. വൈസ് പ്രസിഡണ്ട് ശ്രീ. ടി.പി. ഉണ്ണികൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി. സെക്രട്ടറി അടുത്ത മാസയോഗം എവിടെ നടത്താമെന്ന് പിന്നീട് തീരുമാനിച്ചറിയിക്കാമെന്ന് പറഞ്ഞ്, യോഗം ആറുമണിക്ക് സമംഗളം പര്യവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ നവംബർ മാസ യോഗം പ്രസിഡണ്ട് ശ്രീ. കെ.പി, പ്രഭാകര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ 26-11-2024ന് 10 am നു വീഡിയോ കോൺഫറസിലൂടെ കൂടി. ശ്രീ. എം.പി. ഹരിദാസൻ പ്രാർത്ഥനയും പുരാണ പാരായണവും നിർവ്വഹിച്ചു. ശ്രീ. കെ.പി. ഗോവിന്ദൻ യോഗത്തിൽ സന്നിഹിതരായ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ ഗുരുവായൂർ ഏകാദശി മെർച്ചന്റ്സ് ചുറ്റ് വിളക്ക് പുരസ്കാരം നേടിയ ഇലത്താളം വിദഗ്ദൻ പല്ലാവൂർ രാഘവപിഷാരോടി, ഇരിങ്ങാലക്കുട പല്ലാവൂർ തൃപ്പേക്കുളം സമിതിയുടെ ഈ വർഷത്തെ ഗുരുദക്ഷിണ പുരസ്കാരം നേടിയ തിമില കലാകാരൻ കാവശ്ശേരി കുട്ടി കൃഷ്ണ പിഷാരോടി, ശാഖയിൽ നിന്നും കേന്ദ്ര വിദ്യാഭ്യാസ പുരസ്കാരം നേടിയ വിദ്യാർത്ഥികൾ എന്നിവരെ അഭിനന്ദിച്ചു. കഴിഞ്ഞ ഒരു മാസ കാലയളവിൽ അന്തരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. കോങ്ങാട് ശാഖയുടെ പ്രവർത്തനം ശ്ലാഘനീയം ആണെന്ന് കേന്ദ്ര പ്രസിഡണ്ട് പറഞ്ഞതായി അറിയിച്ചു. ശ്രീ. കെ.പി. രാമചന്ദ്ര പിഷാരോടി ശാഖാ പ്രസിഡണ്ട് ശ്രീ. കെ.പി. പ്രഭാകര പിഷാരോടിയുടെ എൺപതാം പിറന്നാൾ 'പ്രശാന്തം', നഗരിപ്പുറത്ത് വെച്ച് സമുചിതമായി ആഘോഷിച്ച വിവരം അറിയിക്കുകയും ശാഖയുടെ ആദരവ് അറിയിക്കുകയും ചെയ്തു.

കഴിഞ്ഞ മാസയോഗ റിപ്പോർട്ട് അംഗീകരിച്ചു. പുതിയതായി വരുമാനമോ ചിലവോ ഇല്ല എന്ന് അറിയിച്ചതും അംഗീകരിച്ചു. മാസങ്ങൾക്ക് ശേഷം ശാഖാ യോഗം ഓൺലൈൻ ആയി ചേർന്നതിനാൽ അതിൽ പങ്കെടുക്കാനും മെമ്പർമാരെ നേരിൽ കാണാനും ചർച്ച നടത്താനും കഴിഞ്ഞതിൽ ശ്രീ. അച്ചുണ്ണി പിഷാരോടി അതിയായ സന്തോഷം പ്രകടിപ്പിക്കുകയും അതോടൊപ്പം തന്നെ തന്റെ സ്വന്തം നിലയിലും ശാഖയുടെ പേരിലും എല്ലാവർക്കും നന്ദി രേഖപ്പെടുത്തി, കൃത്യം പതിനൊന്ന് മണിക്ക് യോഗം അവസാനിച്ചു.

## ചൊവ്വര

ശാഖയുടെ നവംബർ മാസത്തെ യോഗം നെടുവന്നൂർ ശ്രീ. ഭരതന്റെ വസതി, വൈശാഖത്തിൽ വെച്ച് വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. രവിയുടെ അദ്ധ്യക്ഷതയിൽ ശ്രീമതി ജയ ഭരതന്റെ ഈശ്വര പ്രാർത്ഥന, നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. കഴിഞ്ഞ മാസം നിര്യാതരായ സമുദായ അംഗങ്ങളുടെ സ്മരണയിൽ അനുശോചനം രേഖപ്പെടുത്തി. ഗൃഹനാഥൻ ശ്രീ. ഭരതൻ എല്ലാ സ്വജനങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അദ്ധ്യക്ഷ പ്രസംഗത്തിൽ സമാജത്തിന്റെ വിവിധ വിഭാഗങ്ങളെ കുറിച്ച് സംസാരിച്ചു. കൂടുതൽ ചർച്ചകളും നടന്നു. കുട്ടമശ്ശേരിയിൽ താമസിക്കുന്ന ഡോ. സതീശന്റെ കുടുംബാംഗങ്ങൾ ചൊവ്വര ശാഖയിൽ പുതിയ അംഗങ്ങളായി ചേർന്നു. കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ശ്രീ വിജയൻ വായിച്ചതു യോഗം അംഗീകരിച്ചു. പുതിയ ക്ഷേമ നിധി ആദ്യ നറുക്കെടുപ്പോടെ ആരംഭിച്ചു. ശ്രീ മധുവിന്റെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# ആദരാഞ്ജലികൾ

### ഗോവിന്ദൻകുട്ടി പിഷാരോടി

പരക്കാട്ട് പിഷാരത്ത് ഗോവിന്ദൻകുട്ടി പിഷാരോടി (92) 13-11-2024നു ഗുജറാത്തിലെ വൽസാദിൽ നിര്യാതനായി. ഭാര്യ: തിരുവത്ര പിഷാരത്ത് സരോജിനി (മണി) പിഷാരസ്യാർ. മക്കൾ: പ്രസന്ന, പ്രദീപ്. മരുമക്കൾ: ശിവദാസ്, സന്ധ്യ. സഹോദരങ്ങൾ: നാരായണി (അമ്മിണി) പിഷാരസ്യാർ, പരേതരായ രാമ പിഷാരോടി, കൃഷ്ണ പിഷാരോടി, നാരായണ പിഷാരോടി, കരുണാകര പിഷാരോടി, അച്യുത പിഷാരോടി, ഗോപാല പിഷാരോടി.

### ബാലകൃഷ്ണ പിഷാരോടി

പെരുമ്പിള്ളിക്കാട്ട് പിഷാരത്ത് ബാലകൃഷ്ണ പിഷാരോടി (65) 22-11-2024നു നിര്യാതനായി. സഹോദരങ്ങൾ: ഇന്ദിര, ഉഷ, ജയ, പരേതനായ ഗോപി, പരേതനായ മോഹനൻ.

### ബൽരാജ് പിഷാരോടി

മാപ്രാണം പുത്തൻ പിഷാരത്ത് പരേതനായ പീതാംബര പിഷാരോടിയുടെയും ആറ്റൂർ പിഷാരത്ത് പരേതയായ വസുമതി പിഷാരസ്യാരുടെയും മകൻ ബൽരാജ് പിഷാരോടി (50) 25-11-2024 നു ചെന്നൈയിൽ ഹൃദയാഘാതം മൂലം നിര്യാതനായി. ഭാര്യ: രാഖി ബൽരാജ്, മകൾ: അവന്തിക

### ഭവാനി പിഷാരസ്യാർ

പെരിന്തൽമണ്ണ പുത്തൂർ പിഷാരത്ത് ഭവാനി പിഷാരസ്യാർ (75) 30-11-2024നു നിര്യാതയായി. സഹോദരങ്ങൾ: ശാന്തകുമാരി, വിജയലക്ഷ്മി, ജാനകിക്കുട്ടി, നാരായണൻ. ●

## പെൻഷൻ ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| (1) | പി. ഗോപിനാഥ പിഷാരോടിയുടെ, (ഭാമ മന്ദിരം, മുണ്ടൂർ) സ്മരണയ്ക്ക് മക്കളും പേരക്കുട്ടികളും കൂടി | - | 27,000.00 |
| (2) | പി.പി പുഷ്പലത, കോങ്ങാട്, തന്റെ ജന്മദിനത്തോട് അനുബന്ധിച്ച് | - | 2,000.00 |
| (3) | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |
| (4) | കേണൽ ആർ.കെ. പിഷാരോടിയുടെ പത്താം ചരമവാർഷികത്തോട് അനുബന്ധിച്ച് പത്നി രാധ പിഷാരോടി. | - | 5,000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

### തിരുവനന്തപുരം

തിരുവനന്തപുരം ശാഖയുടെ നവംബർമാസ കുടുംബസംഗമം 24-11-2024നു തിരുവനന്തപുരം ഹോട്ടലിലെ പത്മ കഫേയിൽ വെച്ച് ശ്രീ. പി.ജി. ഗോപിനാഥിന്റെ ആതിഥേയത്വത്തിൽ നടന്നു.

തുടക്കത്തിൽ സെൻട്രൽ ഫിനാൻഷ്യൽ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് കോഓപ്പറേറ്റീവ് (ഇന്ത്യ) ലിമിറ്റഡിന്റെ മാനേജരുടെ അര മണിക്കൂർ അവതരണം നടന്നു. കമ്പനി വാഗ്ദാനം ചെയ്യുന്ന വ്യത്യസ്ത ഉൽപ്പന്ന പോർട്ട്ഫോളിയോ അംഗങ്ങളെ അറിയിച്ചു.

സംവൃത സന്ദീപ് പ്രാർത്ഥന ചൊല്ലി. ശ്രീ. പി.ജി. ഗോപിനാഥ് അംഗങ്ങളെ കുടുംബസംഗമത്തിലേക്ക് സ്വാഗതം ചെയ്തു. ശാഖയുടെ ഒക്ടോബർ ഓണാഘോഷ റിപ്പോർട്ട് പ്രസിഡന്റ് ശ്രീ. ജഗദീഷ് പിഷാരടി അവതരിപ്പിച്ചു. ട്രഷറർ പി.പി. അനൂപിന്റെ അഭാവത്തിൽ കണക്കവതരണം അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു. സമാജത്തിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള പൊതുചർച്ച ചർച്ച ചെയ്തു.

ശ്രീമതി പത്മാവതി പിഷാരസ്യാരും ശ്രീമതി ശ്രീദേവി പിഷാരസ്യാരും ഭക്തിഗാനങ്ങൾ ആലപിച്ചു. ശ്രീമതി ഹേമ എൻ.എസ്., ശ്രീകാന്ത് ആർ. എസ്. എന്നിവർ ചലച്ചിത്രഗാനങ്ങൾ ആലപിച്ചു.

യോഗത്തിന് ആതിഥേയത്വം വഹിച്ചതിന് ശ്രീ. ഗോപിനാഥ് പി.ജിക്കും പങ്കെടുത്തതിന് അംഗങ്ങൾക്കും ശ്രീ. മുരളീധരൻ പി.പി. നന്ദി പറഞ്ഞുകൊണ്ട് കുടുംബസംഗമം സമാപിച്ചു. ഡിസംബർ മാസ യോഗ തിയതി അടുത്തു തന്നെ അറിയിക്കുന്നതാണ്. ●

# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS | SINCE 1990

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

**സൈമർ**
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

**THULASEDALAM**

RNI Reg: No.36078/1981
Published on 07-12-2024

Posted at RMS, Thrissur

December 2024, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
NABH
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

57 YEARS OF CARE AND TRUST

വർഷത്തെ സേവനപാരമ്പര്യവുമായി

# സരോജ

മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ

ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185

sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്

നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

- വീട്ടിൽ പരിശോധന
- പിക്കപ്പ് സംവിധാനം
- ഡോക്ടറുടെ സേവനം വീടുകളിൽ
- എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക

+91 81380 19090
+91 73563 99116

sarojhomecare@sarojahospital.com
sarojhomecare

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy